കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വൈത്തിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി പി-119/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്
കൽപ്പറ്റ - 673121

Phone- 04936 203672

Email: dowyd.ksad@kerala.gov.in

തീയതി: 14.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വൈത്തിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-4 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി.പി1- 119/2019 തിയ്യതി: 14.03.2019.

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 20 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.01.2019 മുതൽ 05.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.അജിത്ത്. ജി.എസ്. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഡേവിഡ്.കെ.വി | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീ.പി.ജയൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഉഷാകുമാരി.വി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബോബൻ ചാക്കോ | 01.04.2017 മുതൽ 01.02.2018 വരെ |
| | ശ്രീ.ആലി.വി | 01.02.2018 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ഇന്ദിര പി.കെ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 12.06.2017 വരെ |
| | ശ്രീ. ജോസഫ് മാർട്ടിൻ | 13.06.2017 മുതൽ 25.01.2018 വരെ |
| | ശ്രീ.സുരേഷ് എം.ബി. | 25.01.18 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രാജി വർഗ്ഗീസ് | 01.04.2017 മുതൽ 28.11.2017 വരെ |
| | ശ്രീമതി.ആരണ്യ. വി.കെ | 29.11.2017 മുതൽ 30.01.2018 വരെ |
| | ശ്രീമതി.ടെസ്സി.കെ.ജേക്കബ്ബ് | 31.01.2018 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.വിന്നിജോസഫ് | 01.04.2017 മുതൽ 12.06.2017 വരെ |
| | ഡോ.വി.ആർ താര | 12.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത എൻ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ദിവ്യ.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പി.കെ നൗഫിറ | 01.04.2017 മുതൽ 30.06.2017 വരെ |
| | ഡോ. അഷിത എ.കെ(അഡി.ചാർജ്ജ്) | 30.06.2017 മുതൽ 25.08.2017 വരെ |
| | ഡോ.സതീഷ്കുമാർ പി.കെ. | 25.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മായ ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.പ്രസന്ന പി.കെ. | 01.04.2017 മുതൽ 22/12/2017 വരെ |
| | ശ്രീ. കരീം. പി.കെ. | 22/12/2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ | 01.04.2017 മുതൽ 21.06..2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ. ബിജു വി.ജി | 22.06.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിനോദ് ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | 1-2 വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത-പഞ്ചായത്തിന് വസ്തുനികുതി നഷ്ടം |
| 14 | 2-2 | റിസോർട്ടിന് വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം പഞ്ചായത്തിന് വരുമാന നഷ്ടം. |
| 15 | 2-3 | കെട്ടിടത്തിന്റെ മുഴവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല - പഞ്ചായത്തിന് ധന നഷ്ടം |
| 16 | 2-4 | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു- പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല |
| 17 | 3-1 | പി.എം.എ.വൈ. - വിഹിതം നല്കി -പദ്ധതിയുടെ വിശദവിവരങ്ങളില്ല. |

| | | |
|---|---|---|
| 18 | 3-2 | അനെർട്ടിൽ തുക നിക്ഷേപിച്ചു - പൂർത്തീകരണവിവരങ്ങളില്ല. |
| 19 | 3-3 | തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകളില്ല |
| 20 | 3-4 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘീകരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 21 | 3-5 | സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നല്കി - നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങളില്ല |
| 22 | 3-6 | മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകി. |
| 23 | 3-7 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. |
| 24 | 3-8 | ഗുണഭോക്തൃസമിതിയിൽ നിന്നും നിയമപരമായ വസൂലാക്കൽ വരുത്തിയിട്ടില്ല. |
| 25 | 3-9 | ബിഡ് തുക തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധിക തുക അനുവദിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് 60053/-രൂപ നഷ്ടം. |
| 26 | 3-10 | കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ വാങ്ങൽ - നിയമവിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കി. |
| 27 | 3-11 | കരാർ പ്രകാരം അംഗീകരിച്ചതിലും അധിക തുക നൽകി. |
| 28 | 3-12 | ഓഫീസ് കെട്ടിട നിർമ്മാണ പ്രോജക്റ്റ് ഗുണഭോക്തൃ സമിതി മുഖേനെ നടപ്പിലാക്കി. |
| 29 | 3-13 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും നിർവ്വഹണത്തിലെ വീഴ്ചകൾ. |
| 30 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 33 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 34 | 4-5 | സ്ഥിര നിക്ഷേപം |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 37 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 38 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 40 | Anexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

04/03/2016 തിയ്യതിയിലെ 1/2016 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബഡ്ജറ്റ് 28/03/2017 തിയ്യതിയിലെ 1/2017 -)ം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.05.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 | KSAWYD പി-3-535/2018 dated 26.06.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,77,25,356 |
| വരവ് | ₹6,61,13,316 |
| ആകെ | ₹10,38,38,672 |
| ചെലവ് | ₹6,56,62,755 |
| നീക്കിയിരിപ്പ് | ₹3,81,75,917 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (AFS) പ്രകാരം | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 11601000 | 11601000 | 10635492 | 965508 |
| വികസന ഫണ്ട് (എസ്.സി.പി) | - | 6777889 | 6777889 | 5382218 | 1395671 |
| വികസന ഫണ്ട് (ടി.എസ്.പി) | - | 2997707 | 2997707 | 1689159 | 1308548 |
| മെയിന്റനൻസ് (റോഡ്) | - | 3738689 | 3738689 | 1048965 | 2689724 |
| മെയിന്റനൻസ് (റോഡിതരം) | - | 3000833 | 3000833 | 2976909 | 23924 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 5449012 | 5449012 | 4872484 | 576528 |
| കെഎൽഎസ്.ജി..പി(സെൻട്രൽ) | - | 2028139 | 2028139 | 2027843 | 296 |
| കെ.എൽ.എസ്.ജി.പി.(സ്റ്റേറ്റ്) | | 723104 | 723104 | 654526 | 68578 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | - | 6481000 | 6481000 | 6481000 | റിക്വസിഷൻ നൽകുമ്പോൾ TSB-5 മൈനസിലാണ് വെബ് സാംഖ്യ വഴി വരുന്നത്. എന്നാൽ തനത്ഫണ്ട് (kgb) ചെയ്താണ് നൽകുന്നത് അതാണ് മൈനസ് ഫിഗർ വരുന്നത്. |
| സ്പെഷ്യൽ.ടി.എസ്.ബി (ജോയിന്റ് വെൻച്വർ) | - | 43000 | 43000 | 0 | 43000 |
| ആകെ | - | 42840373 | 42840373 | 35768596 | 7071777 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 237 | 75571802 | 179 | 42539968 | 155 | 58 | 76 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4838 | 858526 | 863364 | 858626 | 4838 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19018581.2 | 19018581.2 | 19017061.2 | 1520 |
| ആകെ | 4838 | 19877107.2 | 19881945.2 | 19875587.2 | 6358 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15,000 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 25,32,400 | 852 |
| വിധവാപെൻഷൻ | 94,18,500 | 3107 |
| വാർദ്ധക്യകാലപെൻഷൻ | 1,33,69,100 | 4121 |
| വികലാംഗപെൻഷൻ | 23,25,800 | 743 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,474/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓഡർ മുഖാന്തിരം ചുമതലകൾ വിവിധ സെക്ഷനുകൾക്ക് കൃത്യമായി വീതിച്ച നൽകിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ കൂടുന്നുണ്ട്. പി.എം.എവൈ, വിവിധ ഡെപ്പോസിറ്റ്

വർക്കുകൾ എസ്.എസ്.എ. വിഹിതം നൽകൽ തുടങ്ങിയ പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ശരിയായി മോണിറ്റർ ചെയ്യുന്നില്ല. പഞ്ചായത്തിലെ പല പ്രധാനപ്പെട്ട കെട്ടിട ങ്ങളുടെയും പൂർത്തീകരണ പ്ലാനുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ പരാമർശിച്ച വിഷയങ്ങളിൻമേൽ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/05/2018 to 31/05/2018 | 2017-2018 | 19.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/06/2014 to 10/07/2014 | 2009-10 to 2013-14 | 11.09.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

--ഇല്ല--

സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത - പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 05.06.2011 ലെ സി.1/1755/2007-)ം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചു. ആയതിൽ 100 $m^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയാണ്. മേൽ ചട്ടത്തിലെ 3-)ം ചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന നിരക്ക് 50/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) നതാഷ.എ ടാംടൺ, കോഴിക്കോട് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടം.കെട്ടിട നമ്പർ-11/392 A മുതൽ Uവരെ

കെട്ടിട പെർമ്മിറ്റ് -നം.സി-1-87/10-11-തിയ്യതി 28.08.10

09.10.2012 തീയതിയിലെ ഭാഗീക പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം

| | |
|---|---|
| സെല്ലാർ നില | 95.95 ച.മീ |
| തറ നില | 131.48 ച.മീ |
| ഒന്നാം നില | 131.48 ച.മീ |
| സ്റ്റെയർ മുറി | 12.52 ച.മീ |
| ആകെ | 371.43ച.മീ |

ആയതിന്മേൽ ഓവർസീയർ സ്ഥലപരിശോധന നടത്തി, 06.06.14 ന് നൽകിയ റിപ്പോർട്ട് പ്രകാരം തറവിസ്തീർണ്ണം 377.92 ച.മീറ്ററാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| സെല്ലാർ നില | 98.44 ച.മീ |
| തറ നില | 132.89 ച.മീ |
| ഒന്നാം നില | 132.89 ച.മീ |
| സ്റ്റെയർ മുറി | 13.70 ച.മീ |
| ആകെ | 370.92ച.മീ |

ഓവർസീയറുടെ റിപ്പോർട്ടിന്മേൽ 21.10.14 നാണ് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചത്.

| കെട്ടിട നം& നില | തറ വിസ്തീർണ്ണം ($m^2$) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|
| 11/392 A മുതൽ Uവരെ<br>(I,O ഒഴികെ) | 364.22 (സ്റ്റെയർ ഒഴികെ) | ഭൂനിരപ്പ് നില- 358.910ച.മി<br>ഉപയോഗക്രമം -ഷോപ്പ്.<br>അടിസ്ഥാന നിരക്ക്-50/- രൂപ-<br>വർദ്ധനവ് (വഴിസൗകര്യം)-20%.<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=21787/-<br>ലൈബ്രറിസെസ്-1080/-<br>ആകെ-22867/-<br>(മുഴുവൻ തറ വിസ്തീർണ്ണവും ഭൂനിരപ്പ് നിലയിലാണ് കണക്കാക്കിയിട്ടുള്ളത്) | പൂർത്തീകരണപ്ലാൻ പ്രകാരം ഭൂനിരപ്പ് നിലയുടെയും സെല്ലാർ നിലയുടെയും - വിസ്തീർണ്ണം 231.33ച.മി. ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ.<br>(വർദ്ധനവ്(വഴി സൗകര്യം)-20%)<br>=231.33x60x1.2=16656/-<br>ലൈബ്രറി സെസ് 5%=833/-<br>ആകെ17489/- |
| | | | ഒന്നാം നില- 132.89ച.മി.<br>ഉപയോഗക്രമം -ഷോപ്പ്.<br>അടിസ്ഥാന നിരക്ക്- 60/-<br>വർദ്ധനവ് (വഴി സൗകര്യം)20%=<br>132.89x60x1.2=9568/-<br>നില ഇളവ്-10%=957/-<br>വസ്തുനികുതി=8611/-<br>ലൈബ്രറിസെസ്-431/-<br>ആകെ- 9042/- |

| | |
|---|---|
| | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 3,664/- രൂപയുടെ കുറവുണ്ട്. (26531-22867). ആയത്, കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ച (21.10.14 ലെ) സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 1 | 2014-15 രണ്ടാം അർദ്ധവർഷം | 1832 |
| 2 | 2015-16 -ടി- | 3664 |
| 3 | 2016-17 -ടി- | 3664 |
| 4 | 2017-18 -ടി- | 3664 |
| ആകെ | | 12824/- |

ഇത്തരത്തിൽ വസ്തുനികുതി കുറവായി നിർണ്ണയിക്കപ്പെട്ട ഏതാനും വാണിജ്യകെട്ടിടങ്ങളുടെ വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | വികാർ സെന്റ് തോമസ്സ് ചർച്ച് ഒലീവുമല | 4/266,266-A മുതൽ E വരെ | 132 |
| 2 | എം.ഡി ആന്റണി മൽപ്പാൻ മുതൽപ്പേർ | 7/404-A,E,406 മുതൽ 410, 410-A വരെ | 178.78 |
| 3 | സൈതലവി കുട്ടംപറമ്പിൽ | 7/263 മുതൽ282 വരെ | 354 |
| 4 | ദേവദാസൻ,ചെറുകാട്ടുകളത്തിൽ | 7/10 മുതൽ 14 വരെയും 14-A മുതൽ D വരെയും | 120 |
| 5 | അലവി ഹാജി, കരിമ്പൻ | 9-65/A മുതൽ H വരെ | 193 |
| 6 | ഉസ്മാൻ ഹാജി | 12-213-A മുതൽ F വരെ (Cഴികെ) | 298.96 |

| | | | |
|---|---|---|---|
| 7 | ഹംസ പോക്കാടൻ,ചുണ്ടേൽ | 2/138-A മുതൽ H വരെ | 168.662 |
| 8 | പി.വിഅച്ച്യുതൻ,പാണ്ടികശാല | 11/B മുതൽ C വരെ | 126.13 |
| 9 | സെയ്തൂട്ടി പൂലാടൻ | 11/5-A മുതൽ F വരെ | 134.4 |
| 10 | കൃഷ്ണദാസ് കിഴക്കത്ത് | 13/342-QമുതൽW വരെ | 188.09 |
| 11 | അജോ റോഷൻ | 12/262-A മുതൽ E വരെ | 242 |
| 12 | കെ.സി ഉമ്മർഹാജി | 11/438-A മുതൽ S വരെ (Q ഒഴിച്ച്) | 245.46 |

100 $m^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപക്കു പകരം 50/- രൂപയായി നിർണ്ണയിച്ചതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 11/17-18/04.02.19 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളെ കൂടാതെ ഇത്തരത്തിൽ വസ്തുനികുതി കുറവായി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 റിസോർട്ടിന് വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം പഞ്ചായത്തിന് വരുമാന നഷ്ടം.

വൈത്തിരി വില്ലേജ് റിസോർട്ട് എന്ന റിസോർട്ടിലെ പൂർത്തീകരണപ്ലാനിൽ കാണിച്ച മുഴവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുതി ഈടാക്കാത്തത്, പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ അപാകതകൾ സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-7 ൽ വിശദമായി പരാമർശിച്ചുവെങ്കിലും പഞ്ചായത്ത് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ല(രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല). 2017-18 ൽ ഈ റിസോർട്ടിലെ വിവിധ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 03/17-18/ 31.01.2019-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംബന്ധിച്ച വിശദമായ വിവരം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 13-)o വാർഡിൽ സ്ഥിതിചെയ്യുന്ന വൈത്തിരി വില്ലേജ് റിസോർട്ടിന്റെ വിവിധ പൂർത്തീകരണ പ്ലാനുകൾ പ്രകാരമുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണവും ആയതിൽ വസ്തുനികുതി നിർണ്ണയിച്ചവയുടെയും വിശദാംശങ്ങൾ താഴെപ്പറയുന്നു.

A) കെട്ടിടപെർമ്മിറ്റ് നം.256/08 തിയ്യതി 11.03.08

| | |
|---|---|
| അപേക്ഷകൻ | പി.കെ അബ്ദുൾഖാദർ c/o ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് എന്നവരുടെ 05.01.08 ലെ സ്കൂൾ, ഹോസ്റ്റൽ വിഭാഗത്തിൽപ്പെട്ട 12540.97 $m^2$ തറവിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ. (29.03.2008 ലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ സി.1-135/07-08 ഉത്തരവ് പ്രകാരം കെട്ടിട പെർമ്മിറ്റ് |

| | |
|---|---|
| | എൻ.കെ ഇബ്രാഹിംകുട്ടിയുടെ പേരിലേക്ക് മാറ്റി) നിലവിൽ കെട്ടിട ഉടമസ്ഥാവകാശം ഡോ.കെ.എ ആയിഷാബി എന്നവരുടെ പേരിലാണ്)<br>തറ വിസ്തീർണ്ണ വിവരം ചുവടെ ചേർക്കുന്നു.<br><br>തറനില -2505.49 $m^2$ ഒന്നാം നില -2389.68 $m^2$<br><br>രണ്ടാം നില -3226.92 $m^2$<br><br>ആകെ -8122.09 $m^2$<br><br>ഹോസ്റ്റൽ-3-യൂണിറ്റ്<br><br>ഓരോന്നിന്റെയും വിശദാംശങ്ങൾ<br><br>തറനില - 411.58 $m^2$ ഒന്നാം നില - 530.66 $m^2$<br><br>രണ്ടാം നില - 530.66 $m^2$<br><br>ആകെ - 1472.9 m2 x3എണ്ണം=4418.70 $m^2$ |
| പ്ലോട്ടിന്റെ വിശദാംശം | വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ<br>റീസർവ്വേ നം.155/1,157/7,157/8 ptൽ 23620.76 $m^2$ സ്ഥലം |
| പ്ലാനർ അംഗീകരിച്ച പ്ലാനിന്റെ വിശദാംശം | നം.ഡി 1/785/08/ഡി.ഡിസ് തിയ്യതി 07.03.08 പ്ലാൻ നം.134/08 ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം.155/1പാർട്ട്, 2,3 157/7,8 പാർട്ട് ൽ പ്പെട്ട സ്ഥലത്ത് മൂന്ന് നിലകളായി 12,542 ച.മി. വിദ്യാഭ്യാസ കെട്ടിടത്തിനുള്ള ലേഔട്ട് അംഗീകരിച്ചു.<br><br>വ്യവസ്ഥകൾ- 1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br><br>2)സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കണം<br><br>3)മഴവെള്ള സംഭരണത്തിന് നിയമാനുസൃത സംവിധാനം ഒരുക്കണം.<br><br>4) മാലിന്യനിർമ്മാർജ്ജത്തിന് സ്ഥലത്തുതന്നെ ക്രമീകരണങ്ങൾ ഒരുക്കണം. |
| ഗ്രാമപഞ്ചായത്ത് നൽകിയ കെട്ടിട പെർമ്മിറ്റിന്റെ വിശദാംശങ്ങൾ | 256/08 തിയ്യതി 11.03.08 ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ച പ്ലാൻ തന്നെ അംഗീകരിച്ചു |

03/10/2010 ൽ പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ലാൻ വിശദാംശങ്ങൾ

| | |
|---|---|
| തറ വിസ്തീർണ്ണം | ബേസ്മെന്റ് നില- 416$m^2$ ഭൂനിരപ്പ് നില- 2498 $m^2$<br><br>ഒന്നാം നില- 3176 $m^2$ രണ്ടാംനില- 3522 $m^2$<br><br>ആകെ- 9612 $m^2$ |

| | |
|---|---|
| കെട്ടിട നമ്പർ (ഫോം.6 പ്രകാരം) | 1) ബേസ്മെന്റ് നില-13/516,517-140.16 $m^2$, 127.6 $m^2$- ആകെ 267.84 $m^2$<br>2)ഭൂനിരപ്പ്നില-13/518മുതൽ 535വരെ (ബെഡ് റൂമുകൾ, റസ്റ്റോറന്റ്, ഡൈനിംഗ് ഹാൾ, റിസപ്ഷൻ, കിച്ചൺ തുടങ്ങിയവ) ആകെ- 1540.56 $m^2$<br>3)ഒന്നാംനില- 13/536മുതൽ 550വരെ (കോൺഫറൻസ് ഹാൾ, റസ്റ്റോറന്റ്, ക്ലബ്ഹൗസ്,ബാൻക്വറ്റ് ഹാൾ, റസിഡൻഷ്യൽ റൂമുകൾ,മിനി ഹാൾ, ബോർഡ് റൂം തുടങ്ങിയവ)-<br>ആകെ-1752.19 $m^2$<br>4)രണ്ടാംനില-13/551മുതൽ-577വരെ (റസിഡൻഷ്യൽ റൂമുകൾ, ബാൻക്വറ്റ് ഹാൾ തുടങ്ങിയവ).<br>ആകെ 1613.80 $m^2$ എല്ലാ നിലയും കൂടി നികുതി നിർണ്ണയച്ചത് - 5174.390 $m^2$ (പ്ലാന്റ് റൂമുകൾ ഉൾപ്പെടെ) |

മൂന്ന് നിലകെട്ടിടത്തിനാണ് പഞ്ചായത്ത് കെട്ടിട പെർമ്മിറ്റ് നൽകിയിട്ടുള്ളതെങ്കിലും നാല് നില കെട്ടിടത്തിനാണ് പൂർത്തീകരണ പ്ലാൻ സമർപ്പിക്കുകയും കെട്ടിട നമ്പർ നല്കുകയും ചെയ്തിട്ടുള്ളത്. കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 9612 ച.മീ. ആണ്. എന്നാൽ 5174.390 ച.മീ തറ വിസ്തീർണ്ണത്തിനു മാത്രമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഡിവിഷണൽ ഓഫീസർ,ഫയർ &റസ്ക്യൂ സർവ്വീസ്,നോർത്തേൺ ഡിവിഷൻ ,കോഴിക്കോട് നല്കിയ ഫൈനൽ എൻ.ഒ.സി പ്രകാരവും (ഇ- 10494/14 തിയ്യതി 31.12.2014 പ്രകാരം) ആയതിലേയ്ക്കായി സെക്രട്ടറി 04.09.14 ന് ഒപ്പുവെച്ച പൂർത്തീകരണപ്ലാൻ പ്രകാരവും കെട്ടിടസമുച്ചയത്തിന്റെ തറവിസ്തീർണ്ണം-10875.85 $m^2$ ആണ്.

കുറവായി വസ്തുനികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണത്തിന് ഈടാക്കേണ്ട വസ്തുനികുതി വിവരം

എ) 01. 04. 2013 മുതൽ ഈടാക്കേണ്ട വസ്തുനികുതി (തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 10875.85 ച.മീ. ആണ്. ആയതിൽ 5174.390 ച.മീ തറ വിസ്തീർണ്ണത്തിനു മാത്രമാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഡിവിഷണൽ ഓഫീസർ, ഫയർ &റസ്ക്യൂ സർവ്വീസ്, നോർത്തേൺ ഡിവിഷൻ, കോഴിക്കോട് നല്കിയ ഫൈനൽ എൻ.ഒ.സി പ്രകാരം (ഇ-10494/14 തിയ്യതി 31.12.2014 പ്രകാരം) കെട്ടിടസമുച്ചയത്തിന്റെ തറവിസ്തീർണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| തറവിസ്തീർണ്ണം | 10875.85 ച.മീ. |
| സെല്ലാർ | 416 ച.മീ. |
| ഭൂനിരപ്പ് നില | 3356.83 ച.മീ. |
| ഒന്നാം നില | 3356.83 ച.മീ. |
| രണ്ടാം നില | 3746.19 ച.മീ. |
| ആകെ | 10875.85 ച.മീ. |

ആയതിൽ ബേസ്മെന്റ് നിലയിലെ പ്ലാന്റിന്റെ വിസ്തീർണ്ണം (267.84 ച.മീ.) ഒഴിച്ച് 10608.01ച.മീ. തറ വിസ്തീർണ്ണത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണെങ്കിലും 5174.390 ച.മീ തറ വിസ്തീർണ്ണത്തിനു

മാത്രമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. അതായത് 5433.62 ച.മീ. തറ വിസ്തീർണ്ണത്തിന് (191.04 ച.മി തറ വിസ്തീർണ്ണമുള്ള ആയുർവേദ സ്പാ ഉൾപ്പെടെ) വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

റിസോർട്ടിന് 01.04.2013 മുതൽ ഒരു ച.മീറ്ററിന് 80/- രൂപ നിരക്കിലും 191.04 ച.മി തറ വിസ്തീർണ്ണമുള്ള ആയുർവേദ സ്പായ്ക്ക് 01.04.2013 മുതൽ 31.03.2015 വരെ ഒരു ച.മീറ്ററിന് 80/- രൂപ നിരക്കിലും സ.ഉ (അ)നം. 36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം 01.04.2015 മുതൽ ഒരു ച.മീറ്ററിന് 160/-രൂപ നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| തറ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട വസ്തുനികുതി | നിർണ്ണയിക്കേണ്ട ലൈബ്രറി സെസ് | ആകെ |
|---|---|---|---|
| 5242.58ച.മീ(191.04$m^2$ തറവിസ്തീർണ്ണമുള്ള ആയുർവേദ സ്പായ്ക്ക് ഒഴിച്ച്)<br>വഴി സൗകര്യം -20 % വർദ്ധനവ് ഉൾപ്പെടെ | 5242.58x 80x1.2= 5,03288/- | 25165/- | 528453/- |
| ആയുർവേദ സ്പാ 191.04 ച.മീ<br>(01.04.2013 മുതൽ 31.03.2015 വരെ) | 191.04x80x1.2= 18340/- | 917 | 19257/- |
| ആയുർവേദ സ്പാ-191.04 ച.മീ.01.04.2015 മുതൽ) അടിസ്ഥാന വസ്തുനികുതി നിരക്ക്-160/- | 191.04x x160x1.15=36680/- | 1834/- | 38514/- |

ആയുർവേദ സ്പാ ഒഴിച്ചുള്ള കെട്ടിടത്തിന്റെ 2017-18 വരെയുള്ള വസ്തുനികുതി കുടിശ്ശിക-

1)

| വർഷം | വസ്തു നികുതി കുടിശ്ശിക | ലൈബ്രറി സെസ് കുടിശ്ശിക | ആകെ(രൂപ) |
|---|---|---|---|
| 2013-14 | 5,03288/- | 25165/- | 528453/- |
| 2014-15 | 5,03288/- | 25165/- | 528453/- |
| 2015-16 | 5,03288/- | 25165/- | 528453/- |

| | | | |
|---|---|---|---|
| 2016-17 | 5,03288/- | 25165/- | 528453/- |
| 2017-18 | 5,03288/- | 25165/- | 528453/- |
| ആകെ | 25,16,440/- | 125825/- | 2642265/- |

2) ആയുർവേദ സ്പാ കെട്ടിടത്തിന്റെ 2017-18 വരെയുള്ള വസ്തുനികുതി കുടിശ്ശീ് വിവരം

| വർഷം | വസ്തു നികുതി കുടിശ്ശിക | ലൈബ്രറി സെസ് കുടിശ്ശിക | ആകെ (രൂപ) |
|---|---|---|---|
| 2013-14 | 18340/- | 917 | 19527/- |
| 2014-15 | 18340/- | 917 | 19527/- |
| 2015-16 | 36680/- | 1834/- | 38514/- |
| 2016-17 | 36680/- | 1834/- | 38514/- |
| 2017-18 | 36680/- | 1834/- | 38514/- |
| ആകെ | 146720/- | 7336 | 154596/- |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം കെട്ടിടഉടമ ഫോറം-2-ൽ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ആയത് ഓഡിറ്റിന് ലഭ്യമാക്കിയില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 12(4) പ്രകാരം ,സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ 6 മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ഫോറം-6-ൽ ശേഖരിച്ച നൽകുന്നതിനനുസരിച്ച് സെക്രട്ടറി ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ പരാമർശിച്ച സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ ഓഡിറ്റിന് ഹാജരാക്കിയ ഫോറം-6 പരിശോധിച്ചതിൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട കണക്കു കൂട്ടലിന്റെ ഭാഗത്ത് ഒന്നും തന്നെ എഴുതിയിട്ടില്ലായെന്നു മാത്രമല്ല കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് പാലിക്കപ്പെട്ടില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഈ സ്ഥാപനത്തിന് ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചത് അടവാക്കിയത് 31.03.2014 -നാണ്. അന്നത്തെ സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലമാണ് മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാതിരുന്നത്. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരം ( ടേബിൾ 1,2)പഞ്ചായത്തിനുണ്ടായ വരവ് നഷ്ടം 31.03.2014 ൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B-1) കെട്ടിട പെർമ്മിറ്റ് നം.105/08-09 തിയ്യതി 17.07.08

2) കെട്ടിട പെർമ്മിറ്റ് നം.-158/09-10 തിയ്യതി-07.12.09

| | |
|---|---|
| അപേക്ഷക | ഡോ.കെ.എ ആയിഷാബി, ഗ്രീഷ്മം റിസോർട്ട്സ് (പ്രൈവറ്റ്) ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.04.08 ലെ |

| | |
|---|---|
| | സ്പെഷ്യൽ റസിഡൻസ് വിഭാഗത്തിൽപ്പെട്ട 9038 $m^2$ തറ വിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ.<br><br>തറനില -4920 $m^2$ ഒന്നാം നില -2877 $m^2$<br>രണ്ടാം നില- 1204 $m^2$ റൂഫ്- 37 $m^2$ ആകെ -9038 $m^2$ |
| പ്ലോട്ടിന്റെ വിശദാംശം | വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 156/1,2,3,155/2,3 ൽ 2.72 ഹെക്ടർ സ്ഥലം |
| ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ച പ്ലാനിന്റെ വിശദാംശം | നം.ഡി 1/3947/08/ഡി.ഡിസ് തിയ്യതി 24.06.08 പ്ലാൻ നം.489/08 ചുണ്ടേൽ വില്ലേജിലെ റീസർവ്വേ നം. 156/1പാർട്ട്,2,3 155/3,157/8 പാർട്ട് ൽ പ്പെട്ട 2.72 ഹെക്ടർ സ്ഥലത്ത് വിവിധോദ്ദേശ്യ കെട്ടിടങ്ങൾക്കുള്ള ലേഔട്ട് അംഗീകരിച്ചു.<br><br>റിസപ്ഷൻ ബ്ലോക്ക് - 848 $m^2$ ഹോട്ടൽ - 2818 $m^2$ (തറനില,ഒന്നാം നില, രണ്ടാം നില,റൂഫ്)<br>ക്ലബ് ഹൗസ് -912 $m^2$ ഹെൽത്ത് ക്ലബ് -300 $m^2$<br>ട്വിൻ കോട്ടേജ്-11 എണ്ണം- 1276 $m^2$<br>4 യൂണിറ്റ് കോട്ടേജ്-10 എണ്ണം- 2320 $m^2$<br>സ്റ്റാഫ് ക്വാർട്ടേഴ്സ്- 564 $m^2$ ആകെ -9038 $m^2$<br>വ്യവസ്ഥകൾ- 1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br>2)കെട്ടിട നിർമ്മിതി ഭൂമിയുടെ കിടപ്പിന് ഹാനികരമാകരുത്.<br>3)തോടിന്റെ ഒഴുക്ക് തടസ്സപ്പെടുത്തരുത്, മലിനമാക്കരുത്. |
| വൈത്തിരി ഗ്രാമപഞ്ചായത്ത് നല്കിയ കെട്ടിട പെർമ്മിറ്റിന്റെ വിശദാംശങ്ങൾ | 105/08-09 തിയ്യതി 17.07.08 തറനില- 4920 $m^2$ ഒന്നാം നില-2877 $m^2$ രണ്ടാം നില-1204 $m^2$റൂഫ്- 37 $m^2$<br><br>ആകെ- 9038 $m^2$<br>വ്യവസ്ഥകൾ- 1)KMBR 99 ലെ വ്യവസ്ഥകൾ പാലിക്കണം.<br>2. പുഴ തടസ്സപ്പെടുത്തരുത്<br>3. KMBR ചട്ടം-22 പാലിക്കണം. |

മേൽ പെർമ്മിറ്റുകൾ പ്രകാരം പൂർത്തീകരണ പ്ലാൻ 5 ഘട്ടമായിട്ടാണ് സമർപ്പിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) 01.10.2009ന് സമർപ്പിച്ച പൂർത്തീകരണപ്ളാൻ വിശദാംശങ്ങൾ - ഹോട്ടൽ ബ്ലോക്ക്

| | |
|---|---|
| തറ വിസ്തീർണ്ണം | ഹോട്ടൽ ബ്ലോക്ക് - 2828 $m^2$<br>തറ നില -777 $m^2$ ഒന്നാം നില -941 $m^2$<br>രണ്ടാം നില- 1057 $m^2$ മേൽക്കൂര- 53$m^2$<br>ആകെ- 2828 $m^2$ |
| ഉപയോഗക്രമം- ബെഡ്റൂമുകൾ- 36(5.87x3.8) ബാത്ത് റൂം അറ്റാച്ച്ഡ്,ഹൗസ് കീപ്പിംഗ്-1, | 52.2 $m^2$വിസ്തീർണ്ണമുള്ള 40 മുറികളായി 2326 $m^2$തറ വിസ്തീർണ്ണത്തിനാണ് വസ്തുനികുതി |

| | |
|---|---|
| റെസ്റ്റോറന്റ്-1, കിച്ചൺ-1 എന്നിങ്ങനെ വ്യത്യസ്ത തറവിസ്തീർണ്ണമുള്ള 40 മുറികൾ | നിർണ്ണയച്ചിട്ടുള്ളത്.(പഴയത് കെട്ടിടനമ്പർ- IV-29-A-മുതൽ IV-29-AN വരെ - അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം) പുതിയത്-13/476 മുതൽ515 വരെ |

മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിച്ചില്ല

പൂർത്തീകരണപ്ലാൻ പ്രകാരം ഹോട്ടൽ ബ്ലോക്കിന്റെ തറ വിസ്തീർണ്ണം 2828 ച.മീ ആണെങ്കിലും 2326 ച.മീറ്ററിന് മാത്രമേ വസ്തുനികുതി നിർണ്ണയച്ചിട്ടുള്ളൂ. 502 ച.മീ തറ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശം താഴെകൊടുക്കുന്നു. നിർണ്ണയിക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്.

(01.04.2013 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| തറ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട വസ്തു നികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|
| 502ച.മീ (വഴി സൗകര്യം -20 % വർദ്ധനവ് ഉൾപ്പെടെ) | 502x80x1.2=48192/- | 2410/- | 50602/- |

| വർഷം | വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|
| 2013-14 | 48192/- | 2410/- |
| 2014-15 | 48192/- | 2410/- |
| 2015-16 | 48192/- | 2410/- |
| 2016-17 | 48192/- | 2410/- |
| 2017-18 | 48192/- | 2410/- |
| ആകെ | 240960/- | 12050/- |

ഈ സ്ഥാപനത്തിന് ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചത് അടവാക്കിയത് 31.03.2014 -നാണ്. അന്നത്തെ സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ പാളിച്ച മൂലമാണ് മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാതിരുന്നത്. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരം പഞ്ചായത്തിനുണ്ടായ വരവ് നഷ്ടം 31.03.2014 ൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 10.06.2011ന് സമർപ്പിച്ച പൂർത്തീകരണപ്ളാൻ വിശദാംശങ്ങൾ-ട്വിൻ കോട്ടേജുകൾ

| | |
|---|---|
| | തറ വിസ്തീർണ്ണം 807 $m^2$<br>ട്വിൻ കോട്ടേജ്-2 എണ്ണം<br>തറനില മാത്രം-131 $m^2$ വീതം 2 എണ്ണം<br>ആകെ തറവിസ്തീർണ്ണം - 262 $m^2$<br>2)4 യൂണിറ്റ് കോട്ടേജ്-<br>എ-തറ നില-131 $m^2$ ഒന്നാംനില-152 $m^2$ |

| | |
|---|---|
| | ആകെ- 283 $m^2$<br>3)4യൂണിറ്റ്കോട്ടേജ്<br>ബി-തറ നില- 131 $m^2$ ഒന്നാംനില- 131 $m^2$<br>ആകെ - 262 $m^2$<br>ആകെ - 807 $m^2$ |
| കെട്ടിട നമ്പർ | IV-29 AP-29 AS(പുതിയത്-13/515-A-D) |

3) 30.09.14ന് സമർപ്പിച്ച പൂർത്തീകരണപ്ളാൻ വിശദാംശങ്ങൾ

| | |
|---|---|
| | തറ വിസ്തീർണ്ണം 2454.90 $m^2$<br>1)ഹോട്ടൽ റൂഫ്- 1158.54$m^2$ (പെർമ്മിറ്റ്നം.-158/ 09-10തിയ്യതി- 07.12.09 പ്രകാരം അനുവദിച്ചത്)<br>ട്വിൻ കോട്ടേജ്-4എണ്ണം-<br>2)തറനില – 150.39 $m^2$ ഒന്നാംനില-150.39 $m^2$<br>ആകെ- 300.78 $m^2$ 3)തറനില –165.93 $m^2$<br>ഒന്നാംനില-165.93 $m^2$<br>ആകെ- 331.86 $m^2$<br>4)തറനില-165.93$m^2$ ഒന്നാംനില-165.93 $m^2$<br>ആകെ- 331.86 $m^2$<br>5)തറനില-165.93$m^2$ ഒന്നാംനില-165.93 $m^2$<br>ആകെ- 331.86 $m^2$<br>ആകെ- 2454.90 $m^2$ |
| പഴയകെട്ടിട നമ്പർ | IV-29 BL- 29 BP (ഓരോ കോട്ടേജിനും ഒരു നമ്പർ, റൂഫിന് IV-29-BP) പുതിയത്-13/515-W-മുതൽ AA |

4) A1-3721/15 തിയ്യതി-13/04/15 നമ്പർ തപാൽ പ്രകാരം സമർപ്പിച്ച പൂർത്തീകരണപ്ലാൻ

| | |
|---|---|
| | തറ വിസ്തീർണ്ണം 995.88 $m^2$<br>ട്വിൻ കോട്ടേജ്-3എണ്ണം<br>1)തറനില – 165.93$m^2$ ഒന്നാംനില- 165.93 $m^2$<br>ആകെ- 331.86 $m^2$<br>ആകെ (331.86 x3= 995.58 $m^2$) |
| കെട്ടിട നമ്പർ | 13/515-AB മുതൽ AM(83 $m^2$തറ വിസ്തീർണ്ണമുള്ള 12 മുറികൾ-ആകെ-996 $m^2$) |

5) A1-8111 തിയ്യതി-11.08.16 നമ്പർ തപാൽ പ്രകാരം സമർപ്പിച്ച പൂർത്തീകരണപ്ളാൻ വിശദാംശങ്ങൾ

| | |
|---|---|
| | തറ വിസ്തീർണ്ണം 327.55m$^2$<br>ട്വിൻ കോട്ടേജ്-1എണ്ണം-<br>1)തറനില – 180.59 m$^2$ഒന്നാംനില- 146.96 m$^2$<br>ആകെ- 327.55 m$^2$ |
| പുതിയ കെട്ടിട നമ്പർ | 13/575-AN മുതൽ AQ വരെ (90.3m2,90.30 m$^2$,73.48 m$^2$,73.48 m$^2$ തറ വിസ്തീർണ്ണമുള്ള 4 മുറികൾ-ആകെ-327.56 m$^2$) |

6) രണ്ട് വാണിജ്യകെട്ടിടങ്ങൾ(വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല)

അസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ റിസോർട്ടിൽ 811.88m$^2$ തറവിസ്തീർണ്ണമുള്ള രണ്ട് മുറികൾക്ക് വാണിജ്യകെട്ടിടമായി നികുതി നിർണ്ണയിച്ചിട്ടുണ്ട്. (കെട്ടിട നമ്പർ-IV-29-AV,AW-ആകെ -1623.76 m$^2$). ച.മീ. നിലവിൽ 8535.22 ച.മി തറവിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ മേൽപ്പരാമർശിച്ച പൂർത്തീകരണ പ്ലാനുകളിലൊന്നിലും(ക്രമനമ്പർ 6-ന്റെ പൂർത്തീകരണ പ്ലാൻ ഓഡിറ്റിന് ലഭ്യമാക്കിയില്ല) ഏ.ഇ. യോ സെക്രട്ടറിയോ ഒപ്പുവെച്ചിട്ടില്ല. കൂടാതെ പൂർത്തീകരണ പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ഓവർസിയറുടെ റിപ്പോർട്ടിൽ പാർക്കിംഗ് സൗകര്യം സംബന്ധിച്ച് യാതൊരു പരാമർശവുമില്ല.

C) വസ്തുനികുതി നിർണ്ണയത്തിലെ മറ്റ് അപാകതകൾ റിസോർട്ടിലെ മുറികളെ മറ്റ് ഉപയോഗ ക്രമങ്ങളിൽപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തു നികുതി ചുമത്തി

ഈ റിസോർട്ടിലെ താഴെപ്പറയുന്ന മുറികളെ റിസോർട്ടായിട്ടല്ല വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | കെട്ടിട നമ്പർ/തറ വിസ്തീർണ്ണം (ച.മീ) | അസ്സ്മെന്റ് രജിസ്റ്റർ പ്രകാരം മുറികളുടെ ഉപയോഗ ക്രമം | നിർണ്ണയിച്ച വസ്തു നികുതി/ ലൈബ്രറി സെസ് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവ് |
|---|---|---|---|---|---|
| 1 | 13/515/G/ 811.88 | വാണിജ്യം | 58456/ 2923 | 811.88x80x1.2=77941/3898 | 19485/975 |
| 2 | 13/515/H/ 811.88 | വാണിജ്യം | 58456/ 2923 | 811.88x80x1.2=77940/3897 | 19484/974 |
| 3 | 13/518/ 240.48 | വാണിജ്യം | 13227/662 | 240.48*80*1.2=23086/1154 | 9859/492 |
| 4 | 13/519/ 200.64 | ,, | 13243/663 | 200.64*80*1.2= 19261/963 | 6018/300 |

| | | | | | |
|---|---|---|---|---|---|
| 5 | 13/520/ 36.96 | സ്റ്റോർ റൂം | 1848/93 | 36.96*80*1.2= 3548/177 | 1700/84 |
| 6 | 13/521/ 36.96 | സ്റ്റോർ റൂം | 1848/93 | 36.96*80*1.2= 3548/177 | 1700/84 |
| 7 | 13/522/ 36.96 | വാണിജ്യം | 1800/90 | 36.96*80*1.2= 3548/177 | 1748/87 |
| 8 | 13/528/ 99.84 | ട്രെയിനിംഗ് ഹാൾ | 4393/220 | 99.84*80*1.2= 9585/479 | 5192/259 |
| 9 | 13/531/ 61.44 | പാർപ്പിടം | 1000/188 | 61.44*80*1.2= 5898/295 | 4898/107 |
| 10 | 13/540/ 24.15 | ,, | 0 | 24.15*80*1.2= 2318/116 | 2318/116 |
| 11 | 13/575/ 55.2 | ,, | 3036/152 | 55.2*80*1.2= 5299/265 | 2263/113 |
| 12 | 13/575/ 55.2 | ,, | 3036/152 | 55.2*80*1.2= 5299/265 | 2263/113 |
| ആകെ | | | | | 76927/3703 |

റിസോർട്ടിലെ മുറികളെ റിസോർട്ടായിട്ടാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 03/17-18/ 31.01.2019 -ന് മറുപടി ലഭ്യമാക്കിയില്ല. തൊട്ട് മുകളിലെ ടേബിളിൽ പരാമർശിച്ച 13/515-G,H എന്നീ മുറികളുടെതൊഴിച്ച് മറ്റ് മുറികൾക്ക് വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതുമൂലമുള്ള നഷ്ടം 37959/-രൂപയാണ്. (വസ്തുനികുതി 36204/- രൂപ ലൈബ്രറി സെസ്സ് 1755/- രൂപ) ഈ മുറികൾക്ക് ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചത് അടവാക്കിയത് 31.03.2014 -നാണ്. പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 13/515-G,H എന്നീ മുറികൾക്ക് വസ്തുനികുതി കുറവായി അടവാക്കിയതുമൂലമുള്ള നഷ്ടം ഈ മുറികൾക്ക് ആദ്യമായി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് അടവാക്കിയ സമയത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല - പഞ്ചായത്തിന് ധന നഷ്ടം

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കാണിച്ച മുഴുവൻ തറ വിസ്തീർണ്ണത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല. വിശദാംശം താഴെ കൊടുക്കുന്നു.

ശ്രീ.എ.കെ. കുഞ്ഞാലി മുതൽപ്പേരുടെ ഉടമസ്ഥതതയിലുള്ള കെട്ടിടം (കെട്ടിട നം. 08/501-A മുതൽ Z വരെയും AA മുതൽ AZ വരെയും AAA മുതൽ AAE വരെയും)

കെട്ടിട പെർമ്മിറ്റ് നം. സി.1-15/09-10 തീയതി 29.04.2009

തറ വിസ്തീർണ്ണം-5415.82 ച.മീ.

05.01.2013 തീയതിയിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം( പാർക്കിംഗ്, ഇലക്ട്രിക് റൂം എന്നിവ ഒഴിവാക്കി)-5034.17 ച.മീ.

പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണം-4290.63ച.മീറ്ററാണ്. കെട്ടിടത്തിന്റെ വിവിധ നിലകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ട തറ വിസ്തീർണ്ണത്തെ കുറിച്ച് യാതൊരു പരാമർശവും വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലില്ല. കെട്ടിടത്തിന്റെ 743.54 ച.മീ. തറ വിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16 /17-18/05.02.19-ന് വിശദീകരണം ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും കെട്ടിടം പണിപൂർത്തീകരിച്ച 05.01.2013 മുതൽ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു- പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ആയതൊന്നും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ/പൂർത്തീകരണ ഫയലുകളിൽ ലഭ്യമല്ല. ആയതിനാൽ 04.02.2019 ന് പഞ്ചായത്തിലെ ഏതാനും കെട്ടിടങ്ങളിൽ പഞ്ചായത്ത് അധികൃതരോടൊപ്പം സ്ഥലപരിശോധന നടത്തിയതിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ കാണാൻ കഴിഞ്ഞു. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയില്ല. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച ഈ കെട്ടിടങ്ങൾക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ അധ്യായം 3, 22 എന്നിവ പ്രകാരം നടപടിയെടുക്കേണ്ടതും അതുവരെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235.എ.എ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പൊളിച്ചുമാറ്റുന്ന തിയ്യതിവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്. സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 17/17-18/05.02.19-ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ സംബന്ധിച്ച വിശദമായ വിവരം ചുവടെ കൊടുക്കുന്നു.

1) റെയിൻകൺട്രി റിസോർട്ട്, വൈത്തിരി ഈ റിസോർട്ടിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ ഉണ്ട്.

i)ഒരു ബെഡ് റൂമോടുകൂടിയ 9 കോട്ടേജുകൾ

ii) രണ്ട് ബെഡ് റൂമോടുകൂടിയ 4 കോട്ടേജുകൾ

iii)മൂന്ന് ബെഡ് റൂമോട്ടുകൂടിയ 2 കോട്ടേജുകൾ

iv)നാല് ബെഡ് റൂമോട്ടുകൂടിയ 1 കോട്ടേജ്

v) ആയുർവേദ മസ്സാജിംഗ് സൗകര്യമുള്ള ഒരു കോട്ടേജ്

vi) റസ്റ്റോറൻറ്(30 പേർക്ക് ഒരു സമയം ഭക്ഷണം കഴിക്കാവുന്നത്), അടുക്കള എന്നീ സൗകര്യങ്ങളുള്ള ഒരു കെട്ടിടം

vii)സ്റ്റാഫ് റൂം-മൂന്നെണ്ണം

viii)നീന്തൽ കുളം-1

ix)റിക്രിയേഷൻ ഹാൾ-1

x) ഓഫീസ് മുറി-1

xi) റിസപ്ഷൻ -1

ഓഡിറ്റിന് ഈ റിസോർട്ടിലെ കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാൻ ലഭ്യമാക്കാത്തതിനാൽ മുഴുവൻ കെട്ടിടങ്ങൾക്കും(ആയുർവേദ മസ്സാജിംഗ് സൗകര്യമുള്ള ഒരു കോട്ടേജ് ഉൾപ്പെടെയുള്ളവ),നീന്തൽ കുളം എന്നിവയ്ക്കും വസ്തു നികുതി നിർണ്ണയിച്ചുവോയെന്ന് വ്യക്തമല്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് 80/- രൂപ നിരക്കിൽ (റിസോർട്ട് എന്ന ഉപയോഗക്രമം) നിർണ്ണയിച്ച കെട്ടിടങ്ങളെ ഉള്ളൂ. ആയുർവേദ മസ്സാജിംഗ് സൗകര്യമുള്ള ഒരു കോട്ടേജിന് ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് 160/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഈ റിസോർട്ടിലെ മുഴുവൻ കെട്ടിടങ്ങൾക്കും(ആയുർവേദ മസ്സാജിംഗ് സൗകര്യമുള്ള ഒരു കോട്ടേജ് ഉൾപ്പെടെ) നീന്തൽകുളത്തിനും വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ഹെർബൽ കൗണ്ടി കോട്ടേജസ് വയനാട് വൈൽഡ് റിസോർട്ട്

ഈ റിസോർട്ടിൽ നീന്തൽകുളമുണ്ട്. ആയതിന് വസ്തു നികുതി നിർണ്ണയിച്ചുവോയെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) ലക്കിടി ഗ്രേയ്സ് ഇൻ എന്ന കെട്ടിടം – വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

എ) ഈ സ്ഥാപനത്തിന്റെ തറ നിലയിൽ ലോഡ്ജ് മുറികൾക്ക് പുറമെ ഒരു റസ്റ്റോറൻറ് (പൂർത്തീകരണ പ്ലാനിൽ 188.30 ച.മീ തറ വിസ്തീർണ്ണം)ഉണ്ടെങ്കിലും ആയതിനെ ലോഡ്ജ് ആയിട്ടാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിന് കുറവായി നിർണ്ണയിച്ച് ഈടാക്കി വരുന്ന വസ്തുനികുതിയുടെ വിശദാംശം താഴെപ്പറയുന്നു.

| നിലവിൽ നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|
| കെട്ടിട നമ്പർ-9/450-A.<br>തറവിസ്തീർണ്ണം-188.30 ച.മീ.<br>വസ്തുനികുതി @40/ച.മീ(വഴി സൗകര്യം-20% വർദ്ധനവ്) -9038/-<br>ലൈബ്രറിസെസ്-5%-452/-<br>ആകെ-9490/- | വസ്തുനികുതി അടിസ്ഥാന നിരക്ക് @60/ച.മീ<br>(വാണിജ്യം) ഈടാക്കേണ്ട വസ്തുനികുതി =188.30x60x1.2=13558/-<br>ലൈബ്രറിസെസ്-5% =678/-<br>ആകെ-14236/- | വസ്തുനികുതി-4520/-<br>ലൈബ്രറിസെസ്<br>-226/-<br>ആകെ-4746/- |

| വർഷം | വസ്തുനികുതി | ലൈബ്രറിസെസ് |
|---|---|---|
| 2014-15 | 4520 | 226 |
| 2015-16 | 4520 | 226 |
| 2016-17 | 4520 | 226 |
| 2017-18 | 4520 | 226 |
| ആകെ | 18080/- | 904 |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണ പ്ലാൻ സമർപ്പിച്ച് കെട്ടിടനമ്പർ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, മേൽ കണക്കാക്കിയ പ്രകാരം ഈടാക്കാനുള്ള വസ്തുനികുതി ഈ കെട്ടിടത്തിന്റെ പൂർത്തീകരണപ്ലാൻ സമർപ്പിച്ച 21.04.2014 മുതൽ ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) പൂർത്തീകരണ പ്ലാനിൽ ഇല്ലാത്ത 7.45 മീ. നീളവും 3.20 മീ. വീതിയുമുള്ള മുറിയും (തറവിസ്തീർണ്ണം-23.84ച.മീ.) നാഷണൽ ഹൈവേയോട് ചേർന്ന ഭാഗത്ത് ഹൈവേയുടെ അതിരിൽ നിന്നും 30 സെ.മീ മാത്രം മാറി 7.45 മീ. നീളവും 7.40 മീ.വീതിയുമുള്ള മുറിയുമുണ്ട് (തറവിസ്തീർണ്ണം-55.13ച.മീ.). നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം-78.97ച.മീ. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട വസ്തുനികുതിയുടെ വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| തറ വിസ്തീർണ്ണം | 78.97 ച.മീ. |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180 |
| വഴി സൗകര്യം വർദ്ധനവ് | 20% |
| ഈടാക്കേണ്ട വസ്തു നികുതി | 78.97x180x1.2=17058/ |
| ലൈബ്രറി സെസ്- 5% | 853/- |
| ആകെ | 17911/- |

കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വസ്തുനികുതി | ലൈബ്രറി സെസ്സ് |
|---|---|---|
| 2014-15 | 17058 | 853 |
| 2015-16 | 17058 | 853 |

| | | |
|---|---|---|
| 2016-17 | 17058 | 853 |
| 2017-18 | 17058 | 853 |
| ആകെ | 68232/- | 3412/- |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ പൂർത്തീകരണപ്ലാൻ സമർപ്പിച്ച് കെട്ടിടനമ്പർ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ,മേൽ കണക്കാക്കിയ പ്രകാരം ഈടാക്കാനുള്ള വസ്തുനികുതി ഈ സ്ഥാപനത്തിലെ മറ്റ് കെട്ടിടങ്ങൾക്ക് പൂർത്തീകരണപ്ലാൻ സമർപ്പിച്ച 21.04.2014 മുതൽ അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)വൈത്തിരി ടൗണിലുള്ള ടർക്കിഷ് കഫേ, മാസ്സസ് ഇൻ എന്നീ പേരുകളിലുള്ള വാണിജ്യം-കം-ലോഡ്ജ് കെട്ടിടം ഈ സ്ഥാപനത്തിന്റെ തറ നിലയിൽ ഇടത് ഭാഗത്ത് ഒരു കോഫീ ഷോപ്പ് (ഒരു സമയം 12 പേർക്ക് ഭക്ഷണം കഴിക്കാവുന്നത്) ഉണ്ട്. കെട്ടിടത്തിന്റെ മുൻഭാഗത്തെ പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തൃതി ഡ്രൈവ് വേ അടക്കം നീളം 11.80 മീറ്ററും ശരാശരി വീതി 6.25മീറ്ററുമാണ്. പൂർത്തീകരണ പ്ലാൻ പ്രകാരം മൂന്ന് പാർക്കിംഗ് യൂണിറ്റുകളാണ് കെട്ടിടത്തിന്റെ മുൻഭാഗത്ത് ഒരുക്കിയിട്ടുള്ളത്. 2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 ടേബിൾ 4(ബി) പ്രകാരം ഈ കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് യൂണിറ്റുകൾ ഇപ്രകാരമാണ്.

| | |
|---|---|
| 12 ച.മീ.മുകളിലും 20 ച.മീ.വരെയും കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികൾ)(ബാത്ത് റൂം അറ്റാച്ച്ഡ്)-13 എണ്ണം. | ആവശ്യമായപാർക്കിംഗ് യൂണിറ്റുകൾ=13/1.5=8.6 (rounded to 9) |
| 12 ച.മീ. വരെ കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികൾ (ബാത്ത് റൂം അറ്റാച്ച്ഡ്)-1 എണ്ണം. | 1/2.5=.4 rounded to 1) |
| 12 ച.മീ. മുകളിൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികൾ) (ബാത്ത് റൂം അറ്റാച്ച്ഡ് അല്ലാത്തവ)- 12 എണ്ണം. | 12/3=4 |
| 12 ച.മീ. വരെ കാർപ്പറ്റ് വിസ്തീർണ്ണമുള്ള മുറികൾ (ബാത്ത് റൂം അറ്റാച്ച്ഡ് അല്ലാത്തവ)-1 എണ്ണം | 1/6=.16( rounded to 1) |
| ഭക്ഷണശാല തറനിലയിൽ 12 സീറ്റ്, മൂന്നാം നിലയിൽ 28 സീറ്റ് (10 സീറ്റിന് 1 എന്നതോതിൽ) | 40/10=4 |
| ആകെ | 19 |
| ഇതിനു പുറമെ മേൽ കണക്കാക്കിയതിന്റെ 25 % കൂടുതലായി ഇരുചക്രവാഹനങ്ങളുടെ പാർക്കിംഗിന് ഒരുക്കേണ്ടതാണ് | |

സ്ഥലപരിശോധനയിൽ നിലവിൽ പ്ലോട്ടിൽ ലഭ്യമായ പാർക്കിംഗ് കെട്ടിടത്തിന്റെ മുൻഭാഗത്ത്

മാത്രമാണ്. ആയതിന്റെ വിശദാംശം താഴെപ്പറയുന്നു.

കെട്ടിടത്തിന്റെ മുൻഭാഗത്തെ നീളം ഡ്രൈവ് വേ (3.6മീ.ഉൾപ്പെടെ) 11.80 മീറ്ററും ശരാശരി വീതി 6.25 മീറ്ററുമാണ്. ഇവിടെ ലഭ്യമായ പാർക്കിംഗ് യൂണിറ്റുകൾ=8.2/2.7=3 പാർക്കിംഗ് യൂണിറ്റുകളാണ്. എന്നാൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം ഈ കെട്ടിടത്തിന് 19 പാർക്കിംഗ് യൂണിറ്റുകൾ ആവശ്യമാണ് (ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ഇതിനു പുറമേ). നിയമാനുസൃതമല്ലാത്ത പൂർത്തീകരണപ്ലാൻ സമർപ്പിച്ച ഈ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 17/ 17-18/05 .02.19-ന് മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടത്തിന് നിയമാനുസൃതമായ പാർക്കിംഗ് ഇല്ലാത്തതിനാൽ നിയമാനുസൃതമായ കെട്ടിടമായിരുന്നെങ്കിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരിട്ടി വസ്തുനികുതി ഈടാക്കേണ്ടതാണ്. വിശദാംശം താഴെപ്പറയുന്നു.

എ) തറ നില

| | |
|---|---|
| കെട്ടിട നം. 11/212-A-126.6 ച.മീ. നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്(@60/ച.മീ.) (126.6x60x1.2) | 9116/456 |
| നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്-ന്റെ മൂന്നിരട്ടി | 27348/1368 |
| ഈടാക്കാൻ ബാക്കിയുള്ള വസ്തുനികുതി/ലൈബ്രറിസെസ് | 18232/912 |

ബി) ഒന്നാം നില

| | |
|---|---|
| കെട്ടിട നം. 11/212-B-192.60 ച.മീ. നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ലൈബ്രറിസെസ്(@40/ച.മീ.) (192.60x40x1.2) | 9245/463 |
| നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്-ന്റെ മൂന്നിരട്ടി | 27735/1389 |
| ഈടാക്കാൻ ബാക്കിയുള്ള വസ്തുനികുതി/ലൈബ്രറിസെസ് | 18490/926 |

സി) രണ്ടാംനില

| | |
|---|---|
| 11/212-C-256.35 ച.മീ. നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്(@40/ച.മീ.) വഴിസൗകര്യം വർദ്ധനവ് 20% (256.35x40x1.35) തറ നിർമ്മിതി ഉയർന്ന തരം | 13843/693 |
| നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്-ന്റെ മൂന്നിരട്ടി | 41529/2079 |
| ഈടാക്കാൻ ബാക്കിയുള്ള വസ്തുനികുതി/ലൈബ്രറിസെസ് | 27686/1386 |

ഡി) മൂന്നാം നില

| | |
|---|---|
| 11/212-D-317.6 ച.മീ. നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ലൈബ്രറിസെസ്(@40/ച.മീ.) (317.6x40x1.35) വഴിസൗകര്യം വർദ്ധനവ് 20% | 17151/858 |

| | |
|---|---|
| തറ വിസ്തീർണ്ണം 15%<br>ആകെ 35% | |
| നിലവിൽ ഈടാക്കുന്ന വസ്തുനികുതി/ ലൈബ്രറിസെസ്-ന്റെ മൂന്നിരട്ടി | 51453/2574 |
| ഈടാക്കാൻ ബാക്കിയുള്ളവസ്തുനികുതി/ലൈബ്രറിസെസ് | 34302/1716 |

മേൽപ്പട്ടികകൾ (എ,ബി,സി,ഡി) പ്രകാരം ഈ കെട്ടിടത്തിന് ആകെ ഈടാക്കേണ്ട

വസ്തുനികുതി കുടിശ്ശിക =18232+18490+27686+34302=98710/-

ലൈബ്രറിസെസ് കുടിശ്ശിക=912+926+1386+1716=4940

ആകെ=1,03,650/-രൂപ (ഈടാക്കേണ്ട കുടിശ്ശിക2016-17 രണ്ടാം അർദ്ധവർഷത്തേയും 2017-18 സാമ്പത്തിക വർഷത്തേയും) വിശദവിവരം ചുവടെ ചേർക്കുന്നു

i)

| |
|---|
| 2016-17 രണ്ടാം അർദ്ധ വർഷം |
| വസ്തുനികുതി/ലൈബ്രറിസെസ് കുടിശ്ശിക-49355/2470 |

ii)

| |
|---|
| 2017-18 |
| വസ്തുനികുതി/ലൈബ്രറിസെസ് കുടിശ്ശിക-98710/4940 |

ആകെ വസ്തുനികുതി കുടിശ്ശിക -148065/-

ആകെ ലൈബ്രറിസെസ് കുടിശ്ശിക-7410/-

നിയമാനുസൃതമല്ലാത്ത പൂർത്തീകരണപ്ലാൻ അംഗീകരിച്ച് ഈ കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചത് (03.10.2016 -ന്) പഞ്ചായത്തിന്റെ അന്നത്തെ അസി.എൻജിനീയറായ ശ്രീ. ടി.അബ്ദുൾ നാസർ എന്നവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് (കെട്ടിടത്തിന്റെ നിർമ്മാണം കെ.പി.ബി.ആർ പ്രകാരമാണെന്നാണും പൂർത്തീകരണപ്ലാൻ അംഗീകരിക്കാവുന്നതാണെന്നുമാണ് റിപ്പോർട്ട്). ആയതിനാൽ പഞ്ചായത്തിന് വസ്തുനികുതി കുടിശ്ശികയിനത്തിൽ ലഭിക്കേണ്ട തുക അദ്ദേഹത്തിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)വൈത്തിരി ഖാദിമുൽ ഇസ്ലാം സംഘം പ്രസിഡന്റിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടം, വൈത്തിരി.

സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ

എ) കെട്ടിടത്തിന്റെ മുൻഭാഗത്ത് സ്റ്റെപ്പുകളും നടപ്പാതയുടെ സ്ലാബുകൾ ഉയർന്നും നിൽക്കുന്നതിനാൽ വാഹനങ്ങൾക്ക് കെട്ടിടത്തിന്റെ പാർക്കിംഗ് സ്ഥലത്തേക്ക് പ്രവേശിക്കാൻ സാധിക്കുകയില്ല.

ബി) പൂർത്തീകരണ പ്ലാനിൽ കാണിക്കാത്ത താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്.

i) കെട്ടിടത്തിന്റെ പുറക് വശത്ത് കാണിച്ചിട്ടുള്ള പാർക്കിംഗ് സ്ഥലത്തേക്കുള്ളവഴി അടച്ച് കെട്ടി മുൻഭാഗത്ത് 2.9 മീ. നീളവും 5.60 മീ. വീതിയുമുള്ള ഒരു മുറി(16.24 ച.മീ.).

ii) കെട്ടിടത്തിന്റെ പുറക് വശത്ത് കാണിച്ചിട്ടുള്ള പാർക്കിംഗ് സ്ഥലത്ത് ശരാശരി 10.7 മീ. നീളവും 5.10 മീ. വീതിയുമുള്ള ഒരു മുറി(54.57 ച.മീ.)

iii) ശരാശരി 4.35മീ. നീളവും 2.9 മീ. വീതിയുമുള്ള ഒരു മുറി എന്നിവയുണ്ട്(12.61ച.മീ.).

തറനിലയിൽ പണിതിട്ടുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം =16.24+54.57+12.61=83.42

iv) പൂർത്തീകരണ പ്ലാനിൽ കെട്ടിത്തിന് തറനിലയും ഒന്നാം നിലയുമാണുള്ളത് എന്നാൽ നിലവിൽ ഒന്നാം നിലയുടെ(തറ വിസ്തീർണ്ണം-212.90 ച.മീ.) മുകളിൽ ഒരു നിലകൂടി പണിതിട്ടുണ്ട്(മേൽക്കൂര ഷീറ്റിട്ടത്)-തറ വിസ്തീർണ്ണം-212.90 ച.മീ.)

കെട്ടിടത്തിന്റെ മുൻഭാഗത്ത് ലഭ്യമായ പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തൃതി ഇപ്രകാരമാണ്.

i)6.9 മീ. നീളവും 5.4 മീ.വീതിയുമുള്ള സ്ഥലം-ലഭ്യമായ പാർക്കിംഗ് യൂണിറ്റുകൾ-2 എണ്ണം

ii)14.40മീ. നീളവും 2.4മീ.വീതിയുമുള്ള സ്ഥലം (ഡ്രൈവ് വേ അടക്കം) -2 എണ്ണം.

ഈ കെട്ടിടത്തിൽ നടന്നിട്ടുള്ള നിയമാനുസൃതമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ കെട്ടിടമായിരുന്നെങ്കിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരിട്ടി (@180/ച.മീ.) വസ്തുനികുതി ഈടാക്കേണ്ടതാണ്. വിശദാംശം താഴെപ്പറയുന്നു.

1) തറ നിലയിൽ പണിതിട്ടുള്ളവ

| | |
|---|---|
| തറ വിസ്തീർണ്ണം-83.42 ച.മീ.<br>അടിസ്ഥാന വസ്തുനികുതി നിരക്ക്-180/-<br>വഴി സൗകര്യം വർദ്ധനവ്-20 % | ഈടാക്കേണ്ട വസ്തുനികുതി<br>=83.42x180x1.2 =18019/-<br>ലൈബ്രറി സെസ്-5% =910/-<br>ആകെ =18,929/- |

2017-8 അർദ്ധവർഷം വസ്തുനികുതി കുടിശ്ശിക 18019/2 = 9010
ലൈബ്രറി സെസ്-5% 910/2 = 405

2) നിയമാനുസൃതമല്ലാതെ നിർമ്മിച്ച രണ്ടാം നില

| | |
|---|---|
| തറ വിസ്തീർണ്ണം-212.90 ച.മീ.<br>അടിസ്ഥാന വസ്തുനികുതി നിരക്ക്-180/-<br>വഴി സൗകര്യം വർദ്ധനവ് -20 %<br>കുറഞ്ഞതരം മേൽക്കൂര-ഇളവ് - 10%<br>നിലയിളവ് -10% | ഈടാക്കേണ്ട വസ്തുനികുതി<br>=212.90x180x1.2 =45986/-<br>നിലയിളവ്- 10% =4599/-<br>ഇതു കഴിച്ചുള്ള വസ്തുനികുതി =41387/-<br>ലൈബ്രറി സെസ്-5% =2064/-<br>ആകെ =434561/- |

2017-8 അർദ്ധവർഷം വസ്തുനികുതി കുടിശ്ശിക 41387/2 = 22694/-
ലൈബ്രറി സെസ്-5% 2069/2 = 1035

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമ വത്കരണ പ്ലാൻ സമർപ്പിച്ച് കെട്ടിടനമ്പർ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ, അവയ്ക്ക് ഈ കെട്ടിടത്തിലെ നിയമാനുസൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയ 06/10/2017 മുതൽ(2017-18 രണ്ടാം അർദ്ധവർഷം മുതൽ) മേൽ പട്ടികകളിൽ കണക്കാക്കിയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക (18019/-രൂപ) അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.എം.എ.വൈ.വിഹിതം നല്കി - പദ്ധതിയുടെ വിശദവിവരങ്ങളില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം, പി.എം.എ.വൈ. പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | പ്രവൃത്തിയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 21700918/31.8.17 | 1,60,000 | പി.എം.എ.വൈ. - ജനറൽ വിഹിതം - 8 പേരുടെ തുക@20000/- ഗുണഭോക്തൃ ലിസ്റ്റില്ല. പൂർത്തീകരിച്ചതായി രേഖകളില്ല. |
| 2 | 21700919/31.8.17 | 3,45,000 | പി.എം.എ.വൈ. - എസ്.ടി. വിഹിതം - 5 പേരുടെ തുക@32500/- ആവശ്യപ്പെട്ടതിന് അടച്ച തുക. അധിക തുക തിരികെ വാങ്ങിയില്ല. ഗുണഭോക്തൃ ലിസ്റ്റില്ല. പൂർത്തീകരിച്ചതായി രേഖകളില്ല. |
| | ആകെ | 5,05,000 | |

ഫയലിൽ ഉള്ള കൽപ്പറ്റ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27.8.2016 ലെ കത്ത് പ്രകാരം 2016-17 ലേക്ക് വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ എസ്.ടി. ഭവനനിർമ്മാണ ഭൗതിക ടാർജറ്റ് 05 വീടുകളാണ്. അതിന്, ഒരു വീടിന് 32500/- രൂപ തോതിലാണ് ഗ്രാമപഞ്ചായത്തിന്റെ വിഹിതം ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുള്ളത്. അതനുസരിച്ച് 32500x05 =1,62,500/-രൂപ അടക്കുന്നതിന് പകരം 3,45,000/-രൂപ അടച്ചിട്ടുണ്ട്. അതിനാൽ അധികമായി അടച്ച തുക 1,82,500/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

മാത്രമല്ല, എത്ര ഗുണഭോക്താക്കൾക്കായാണ് തുക നൽകിയത്, എത്ര പേരുമായി കരാർ വെച്ചു, എത്ര പേർ വീട് പണി പൂർത്തീകരിച്ച തുടങ്ങിയ വിവരങ്ങളൊന്നും ലഭ്യമല്ല. അതിനാൽ ബാക്കി തുക 3,22,500/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2017-18 /02.02.19) മറുപടി നല്കിയിട്ടില്ല. വിശദാംശങ്ങൾ

ലഭ്യമാക്കേണ്ടതാണ്.

## 3-2 അനെർട്ടിൽ തുക നിക്ഷേപിച്ചു - പൂർത്തീകരണവിവരങ്ങളില്ല.

പ്രോജക്ട് നമ്പർ 109/18 അടങ്കൽ 5 ലക്ഷം (തനത്ഫണ്ട്)

വൗച്ചർ നം.21700929/31.1.18 പ്രകാരം 5,00,000/- രൂപ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണവിവരം, തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. പദ്ധതിയുടെ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഫണ്ട് വിനിയോഗിച്ചതിന്റെ വിവരങ്ങൾ അനെർട്ടിൽ നിന്നും ശേഖരിച്ച് ഓഡിറ്റിന് നല്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകളില്ല

തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകളില്ല

പ്രൊജക്ട് നം.224/18 അടങ്കൽ - 4,00,000/- രൂപ

വൗച്ചർ നം.21701206/27.3.18 പ്രകാരം 4,00,000/- രൂപ കൽപ്പറ്റയിലെ കിംഗ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് 167 തെരുവ് വിളക്കുകളുടെ സ്ഥാപനത്തിന്റെ വിലയായി (വിളക്കൊന്നിന് 2400/-രൂപ നിരക്കിൽ) നല്കിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വിളക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന വ്യക്തമായ രേഖകൾ ഫയലിൽ ഇല്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള (വിവധ സാധനങ്ങളുടെ വിവരങ്ങൾ കുട്ടിയെഴുതിയിട്ടുള്ള) സ്റ്റോക്ക് രജിസ്റ്റർ പേജ് 195 ൽ 167 വിളക്കുകൾ ലഭിച്ചതായും 153 എണ്ണം വിവിധവാർഡുകളിൽ നല്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 14 വിളക്കുകൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല. അതിനാൽ ഈ വിളക്കുകളുടെ വിലയായ 33,600/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. നല്കിയതായി/വിതരണം നടത്തിയതായി കാണിച്ചിട്ടുള്ള 153 വിളക്കുകൾ കൈപ്പറ്റിയതായി ആരും കൈപ്പറ്റ് നല്കിയിട്ടില്ല. ഈ വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്ന കൃത്യമായ വിവരം ഫയലിൽ ഇല്ല. ഈ വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബി. അധികൃതരുടെ അനുമതി തേടിയതായോ വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല.

പഞ്ചായത്തിലുള്ള തെരുവ് വിളക്കുകളുടെ വിന്യാസം എപ്രകാരമാണെന്ന വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. സ്ഥാപിക്കുന്ന വിളക്കുകളുടെ സ്ഥാനം തിരിച്ചറിയാവുന്ന വിധം (ഉദാ- പോസ്റ്റ് നമ്പർ, സ്ഥലം മുതലായവ) രേഖപ്പെടുത്തി വിവരങ്ങൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ വിളക്കുകൾ സ്ഥാപിക്കപ്പെട്ടത് തിട്ടപ്പെടുത്താനാകുന്നില്ല. മേൽ സൂചിപ്പിച്ച സ്റ്റോക്ക് രജിസ്റ്റർ പേജ് 161 ൽ 27.5.2017 ന് 136 വിളക്കുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ 2016-17 വർഷത്തെ പദ്ധതിയിൽ വാങ്ങിയവയാണ്. ഈ വിളക്കുകൾ നല്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഇവ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടോ എന്നും രേഖകളുടെ അഭാവത്തിൽ മനസ്സിലാക്കാൻ കഴിയുന്നില്ല.

ഈ സാഹചര്യത്തിൽ, മേൽപ്പരാമർശിക്കുന്ന 153 വിളക്കുകൾ എവിടെയൊക്കെ വിന്യസിച്ചുവെന്ന കൃത്യമായ രേഖകളുടെ അഭാവത്തിൽ അവയുടെ വിലയായ

153x2400=367200–800 (പരിമിതപ്പെടുത്തി കുറച്ച തുക) = 3,66,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2017-18 /02.02.19) മറുപടി നല്കിയിട്ടില്ല.

## 3-4 കുടിവെള്ള പൈപ്പ് ലൈൻ ദീർഘീകരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, തനത്ഫണ്ട് ഉപയോഗിച്ച് നിരവധി കുടിവെള്ള പൈപ്പ് ലൈൻ ദീർഘീകരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തുകകൾ കേരള ജല അതോറിറ്റിയുടെ സുൽത്താൻ ബത്തേരിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നല്കിയിട്ടുള്ളത്. എന്നാൽ അവ പൂർത്തീകരിച്ചത് സംബന്ധിച്ച് രേഖകൾ ഫയലിൽ ഇല്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | പ്രവൃത്തിയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 21700524/13.10.17 | 1,00,000 | ജൂബിലിവയൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കരാർ നം.3/17/20.10.17 |
| 2 | 21700525/13.10.17 | 1,00,000 | വട്ടത്തുവയൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -കരാർ നം.5/17/20.10.17 |
| 3 | 21700526/13.10.17 | 1,00,000 | ചുണ്ടവയൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -കരാർ നം.4/17/20.10.17 |
| 4 | 21700527/13.10.17 | 75,000 | വൈത്തിരി ലക്ഷംവീട് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കരാർ നം.7/17/20.10.17 |
| 5 | 21700528/13.10.17 | 75,000 | പീടികക്കണ്ടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കരാർ നം.6/17/20.10.17 |
| 6 | 21701152/28.3.18 | 2,00,000 | എച്ച്. എസ്.കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ കരാർ വെച്ചതായി രേഖയില്ല. |
| | ആകെ | 6,50,000 | |

ജല അതോറിറ്റി എക്സി. എഞ്ചിനീയറുമായി ഏർപ്പെട്ട കരാറുകൾ പ്രകാരം ഈ പദ്ധതികൾ 31.3.18 നകം പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. എന്നാൽ കരാർ വ്യവസ്ഥ നം. 7 ൽ പരാമർശിക്കും പ്രകാരമുള്ള ഫൈനൽ ബില്ലിന്റെ പകർപ്പ്, അനുബന്ധ രേഖകൾ എന്നിവ ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ വിശദീകരിക്കണമെന്നും ബന്ധപ്പെട്ട രേഖകളോ അധികവിവരങ്ങളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

05/2017-18/01.02.19) നല്കിയ മറുപടിയിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും അവ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും പരാമർച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെലവ് തുക 6,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-5 സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നല്കി - നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങളില്ല

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി താഴെപ്പറയും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.

പ്രൊജക്ട് നം.136/18 എസ്.എസ്.എ. വിഹിതം

ട്രഷറിബിൽ നം. 04/17-18/ 30.6.17 - 9,09,500/- രൂപ.

ട്രഷറിബിൽ നം. 33/17-18/ 28.3.18 - 4,20,000/- രൂപ.

ആകെ - 13,29,500 /-രൂപ.

പദ്ധതിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പ്, പി.ഇ.സി. എന്നിവ ഇപ്രകാരം നല്കിയ ഫണ്ട് പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. ഓഡറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ഇപ്രകാരമുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. പുസ്തക വിതരണം, ടീച്ചർ നിയമനം (വിശദവിവരം താഴെ പട്ടികയായി നല്കുന്നു), സ്കൂൾ ഗ്രാന്റ്, റിപ്പയർ, യാത്രാസൗകര്യം, കമ്പ്യൂട്ടർ എയ്ഡഡ് പഠനം, തുടങ്ങി വിവധങ്ങളായ ഭൗതിക ഇനങ്ങൾ പത്രികയിൽ പരാമർശിക്കുന്നുണ്ടെങ്കിലും അവ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കി എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനും പി.ഇ.സി.യും, വർക്കിംഗ്ഗ്രൂപ്പും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ചതായി കാണുന്നില്ല. താഴെപ്പറയുന്ന ഇനങ്ങളിലായി അധ്യാപകരെ നിയമിക്കുന്നതിനായി വിഹിതം നല്കിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | അടങ്കൽ | പഞ്ചായത്ത് വിഹിതം |
|---|---|---|---|---|
| 1 | ഹെഡ് ടീച്ചർ യു.പി. | 1 | 6,00,000 | 2,40,000 |
| 2 | പാർട് ടൈം ഇൻസ്ട്രക്ടർ യു.പി. | 3 | 11,54,988 | 4,61,995 |
| | ആകെ | | 17,54,988 | 7,01,995 |

ഈ പദ്ധതിയിൽ 2017-18 വർഷത്തിൽ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഹെഡ് ടീച്ചർ/പാർട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിച്ചു, എത്ര കാലയളവിൽ, അവർക്ക് നൽകിയ ശമ്പളത്തിന്റെ/ഹോണറേറിയത്തിന്റെ വിവരങ്ങൾ എന്നിവ (ഫയലിൽ ഇല്ലാത്തതിനാൽ) ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (നം.06/17-18 തീയതി 01.02.2019) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങളൊന്നും ഓഡിറ്റിന് നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 13,29,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വർക്കിംഗ് ഗ്രൂപ്പ്, പി.ഇ.സി.

എന്നിവ ഇപ്രകാരം നല്കിയ ഫണ്ട് പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകി.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ എസ്.0004/18 വീട് റിപ്പയർ (പട്ടികജാതി വിഭാഗം) എന്നത് സ്പിൽ ഓവർ പ്രോജക്ടാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം തൻവർഷം 6 ഗുണഭോക്താക്കൾക്കി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 6 പേർക്ക് 12-)o പഞ്ചവത്സരപദ്ധതി രൂപീകരണ/സബ്സിഡി മാർഗ്ഗരേഖ (16.11.2013 – ലെ ജി.ഒ.(എം.എസ്.)നം.362/2013/തസ്വഭവ) പ്രകാരം അനുവദിക്കാവുന്നതിലും അധിക ധനസഹായം നൽകിയിട്ടുണ്ട്. ഇതിന് പുറമേ ധനസഹായം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ അനർഹരാണ്. മാർഗ്ഗരേഖ പ്രകാരം പുതിയവീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ വീട് പുനരുദ്ധാരണ ധനസഹായത്തിന് അർഹതയുള്ളൂ. മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന പരമാവധി ധനസഹായം 25,000/- രൂപയുമാണ്. തൻവർഷം ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറുടമ്പടി വെച്ചിട്ടുള്ളവരാണ്.

ധനസഹായം കൈപ്പറ്റിയ അനർഹരുടെയും അധിക ധനസഹായം കൈപ്പറ്റിയവരുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം | ട്രഷറി ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | സുഭാഷ് | 25000 | 01/2017-18, 25.09.2017 | വീട് നിർമ്മിച്ച തീയതി - 16.06.2016. 8 വർഷമായില്ല |
| 2 | ലത കെ.കെ | 37500 | 07/2017-18, 11.01.2018 | വീട് നിർമ്മിച്ച തീയതി - 13.03.2012. 8 വർഷമായില്ല |
| 3 | ഭാഗി കെ.സി. | 37500 | 05/2017-18, 27.10.2017 | അധിക ധനസഹായം നല്കി. |
| 4 | നഞ്ചമ്മ | 37500 | 06/2017-18, 18.11.2017 | --ടി-- |
| 5 | പൊടിയൻ | 37500 | 08/2017-18, 23.02.2018 | --ടി-- |
| 6 | തങ്കമണി പി. | 37500 | 11/2017-18, 31.01.2018 | --ടി-- |

അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ ആകെ ധനസഹായ തുക 62500/-രൂപ (25000+37500) ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്താക്കളും നിർവ്വഹണ ഉദ്യോഗസ്ഥനും ഒപ്പ് രേഖപ്പെടുത്താത്ത കരാറുടമ്പടിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അതിനാൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ 06.02.2019- ന് ലഭ്യമാക്കിയ മറുപടിയിൽ 2017-18 വർഷത്തിൽ പ്രാബല്യമുള്ള പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)നം. 80/2017/തസ്വഭവ, 03.04.2017) പ്രകാരം തുക വകയിരുത്തി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 37,500/- രൂപ വീതം ധനസഹായം നൽകിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്.

2016-17 വർഷത്തിൽ കരാറുടമ്പടി വെച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് 2017-18 വർഷത്തിൽ പ്രാബല്യമുള്ള മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകുന്നത് ക്രമ വിരുദ്ധമാണ്. 2017-18 ൽ പ്രാബല്യമുള്ള മേൽപറഞ്ഞ മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റുന്നതിനും വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിനും ധനസഹായം നൽകുന്നതിനെ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. അതിനാൽ 4 ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ ധനസഹായം 50,000/- രൂപ (37500-25000=12500x4=50000) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 <u>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്ത് തൻവർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ എസ്.0078/18 പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (അടങ്കൽ ₹3,50,000/-) പ്രസ്തുത പ്രോജക്ടിന് 14 ഗുണഭോക്താക്കളാണ് ഉള്ളത്. ഗ്രാമപഞ്ചായത്ത് വിഹിതമായി 87,500/- രൂപ (ട്രഷറി ബിൽ നം. 01/2017-18, 23.11.2017) രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. കുന്നകുട്ടി പ്രസവിക്കുന്നതുവരെ അല്ലെങ്കിൽ 32 മാസംവരെയാണ് കർഷകന് ആനുകൂല്യം ലഭിക്കുക. ആയതിനാൽ പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കാൻ താല്പര്യപ്പെടുന്നു. പ്രോജക്ടിൽ നിന്നും പിൻമാറുന്ന കർഷകരുടെ ധനസഹായ തുക യഥാസമയം തിരികെ അടവാക്കേണ്ടതുമാണ്.

## 3-8 <u>ഗുണഭോക്തൃ സമിതിയിൽ നിന്നും നിയമപരമായ വസൂലാക്കൽ വരുത്തിയിട്ടില്ല.</u>

അസി. എഞ്ചിനീയർ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തി പ്രോജക്ടുകളുടെയും എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് (ഒരോ ഇനത്തിനും) ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തി പ്രോജക്ടുകൾക്ക് പ്രവൃത്തി മൂല്യമാണ് പരമാവധി അനുവദിക്കാവുന്ന ചെലവ് തുക. എന്നാൽ പ്രവൃത്തി മൂല്യത്തിൽ നിന്നും 2.5% ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തതിനുശേഷം അതിനോട് വാറ്റും ക്ഷേമനിധിയും കൂട്ടിയ തുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവായി

അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചിട്ടുണ്ട്.

വാറ്റും, തൊഴിലാളി ക്ഷേമനിധിയും പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ട്രഷറി ബിൽ നം./ചെക്ക് നം. | പ്രവൃത്തി മൂല്യം | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | എസ്.016/18, ലക്കടി സ്കൂൾ പുരകുവശം ഫുഡ്പാത്ത് നിർമ്മാണം | 213760രൂപ(ചെക്ക് നം. 14038 /02.08.2017) | 206831 | 6929 | വാറ്റ് : 10083 ക്ഷേമനിധി: 2017 ഒ.എച്ച്.(2.5%):(-) 5171 |
| 2 | എസ്.0019/18, പഴയ വൈത്തിരി അംഗൻവാടി അറ്റകുറ്റപണി കുടിവെള്ള സൗകര്യം ഒരുക്കൽ | 146668രൂപ (17/17-18, 23.08.2017) | 141914 | 4754 | വാറ്റ് : 6918 ക്ഷേമനിധി: 1384 ഒ.എച്ച്.(2.5%):(-) 3548 |
| 3 | എസ്.0028/18, ചാരിറ്റി ഹെൽത്ത് സെന്റർ അറ്റകുറ്റപണി | 170909രൂപ (16/17-18, 23.08.2017) | 165369 | 5540 | വാറ്റ് : 8062 ക്ഷേമനിധി: 1612 ഒ.എച്ച്.(2.5%):(-) 4134 |
| 4 | എസ്.0058/18, അമ്പലകുന്ന് റോഡ് സൈഡ് അരിക് സംരക്ഷണം | 366781രൂപ (15/17-18, 23.08.2017) | 354892 | 11889 | വാറ്റ് : 17301 ക്ഷേമനിധി: 3460 ഒ.എച്ച്.(2.5%): (-) 8872 |
| 5 | എസ്.0017/18, അറമല റോഡ് ഡ്രൈനേജ് പുനരുദ്ധാരണം | 195303രൂപ (01/17-18, 30.06.2017) | 189741 | 5562 | വാറ്റ് : 9212 ക്ഷേമനിധി: 1842 ഒ.എച്ച്.(2.5%): (-) 4724 |
| 6 | എസ്.0015/18, ശ്രീപുരം അംഗൻവാടി അറ്റകുറ്റപണി | 89688/-രൂപ (85000/- 02/17-18, 30.06.2017; ചെക്ക് നം. 13315/31.03.17) | 86781 | 2907 | വാറ്റ് : 4230 ക്ഷേമനിധി: 846 ഒ.എച്ച്.(2.5%): (-) 2169 |
| 7 | എസ്.0018/18, പന്ത്രണ്ടാം പാലം | 74833രൂപ(04/17-18, 30.06.2017) | 70597 | 4236 | വാറ്റ് : 3530 ക്ഷേമനിധി: 706 |

| | | | | | |
|---|---|---|---|---|---|
| | അംഗൻവാടി അറ്റകുറ്റപണി | | | | |
| 8 | എസ്.0011/18, ശ്രീപുരം അംഗൻവാടി റോഡ് പൂർത്തികരണം | 297284രൂപ (240659 03/17-18, 30.06.2017; ചെക്ക് നം.13173/31.03.17) | 287852 | 9432 | വാറ്റ് : 14023 ക്ഷേമനിധി: 2805 ഒ.എച്ച്.(2.5%): (-) 7396 |
| 9 | എസ്.0036/18, വൈത്തിരി മുസ്ലീം പള്ളക്ക് സമീപം ഫുഡ്പാത്ത് നിർമ്മാണം | 22705രൂപ(ചെക്ക് നം. 20089 / 27.07.2017) | 21969 | 736 | വാറ്റ് : 1071 ക്ഷേമനിധി: 214 ഒ.എച്ച്.(2.5%): (-) 549 |
| 10 | എസ്.0023/18, അറമല ലക്ഷംവീട് കോളനി ഫുഡ്പാത്ത് നിർമ്മാണം | 195154രൂപ (07/17-18, 15.07.2017) | 188829 | 6325 | വാറ്റ് : 9205 ക്ഷേമനിധി: 1841 ഒ.എച്ച്.(2.5%): (-) 4721 |
| 11 | എസ്.0057/18, വൈത്തിരി ബസ് വെയ്റ്റിംഗ് ഷെഡ് നിർമ്മാണം | 250901രൂപ (10/17-18, 25.07.2017) | 242768 | 8133 | വാറ്റ് : 11835 ക്ഷേമനിധി: 2367 ഒ.എച്ച്.(2.5%) (-) 6069 |
| 12 | എസ്.0024/18, പൂക്കോട് പന്നിക്കോട് നടപ്പാത പൂർത്തികരണം | 146000രൂപ (13/17-18, 31.07.2017) | 142730 | 3270 | വാറ്റ് : 6959 ക്ഷേമനിധി: 1392 ഒ.എച്ച്.(2.5%): (-) 3568 |
| 13 | എസ്.0026/18, ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപണി നടത്തൽ | 274607 രൂപ (250000/- 26/17-18, 15.07.2017; 24607ചെക്ക് നം. 13174/31.03.17) | 265706 | 8901 | വാറ്റ് : 12953 ക്ഷേമനിധി: 2591 ഒ.എച്ച്.(2.5%): (-) 6643 |
| 14 | എസ്.0061/18, ചെമ്പട്ടി കോളനി മുകൾ ഭാഗം കിണറിന് കൈവരി പ്ലാറ്റ് ഫോം നിർമ്മാണം | 47809 രൂപ (40000/- 12/17-18, 31.07.2017; 7809/- ചെക്ക് നം. 20089 /27.07.17) | 46260 | 1549 | വാറ്റ് : 2255 ക്ഷേമനിധി: 451 ഒ.എച്ച്.(2.5%): (-) 1157 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 15 | എസ്.0045/18, ചേലോട് ഒലിവുമല റോഡ് കോൺക്രീറ്റ് | 300000 രൂപ(ചെക്ക് നം. 20089 /27.07.17) | 290836 | 9164 | വാറ്റ് : 14178 ക്ഷേമനിധി: 2836 ഒ.എച്ച്.(2.5%): (-) 7271 (ചെലവ് 3 ലക്ഷത്തിലേക്ക് പരിമിതപ്പെടുത്തി) |
| 16 | എസ്.0025/18, കരിമ്പിൻക്കണ്ടി റോഡ് കോൺക്രീറ്റ് | 288670 രൂപ(ചെക്ക് നം. 20089 /27.07.17) | 279313 | 9357 | വാറ്റ് : 13617 ക്ഷേമനിധി: 2723 ഒ.എച്ച്.(2.5%): (-) 6983 |
| 17 | എസ്.0037/18, മാങ്ങാടൻകുന്ന് ഫുഡ്പാത്ത് നിർമ്മാണം | 49475 രൂപ(ചെക്ക് നം. 20089 /27.07.17) | 47871 | 1604 | വാറ്റ് : 2334 ക്ഷേമനിധി: 467 ഒ.എച്ച്.(2.5%): (-) 1197 |
| 18 | എസ്.0032/18, മാങ്ങാടൻകുന്ന് ഫുഡ്പാത്ത് നിർമ്മാണം | 100000 രൂപ(ചെക്ക് നം. 20089 /27.07.17) | 97575 | 2425 | വാറ്റ് : 4759 ക്ഷേമനിധി: 951 ഒ.എച്ച്.(2.5%): (-) 2439 |
| 19 | എസ്.0052/18, വൈ.എം.സി.എ. യ്ക്ക് സമീപം ശ്മശാനം കുളിക്കടവ് നവീകരണം | 36674 രൂപ (ചെക്ക് നം. 20089 /27.07.17) | 35485 | 1189 | വാറ്റ് : 1730 ക്ഷേമനിധി: 346 ഒ.എച്ച്.(2.5%): (-) 887 |
| 20 | എസ്.0051/18, വൈത്തിരി ടൗൺ കുളിക്കടവ് നവീകരണം | 35618 രൂപ(ചെക്ക് നം. 20089 /27.07.17) | 34464 | 1154 | വാറ്റ് : 1680 ക്ഷേമനിധി: 336 ഒ.എച്ച്.(2.5%): (-) 862 |
| 21 | എസ്.0044/18, വൈത്തിരി ടൗൺ ഓവുചാൽ നവീകരണം | 47698 രൂപ (ചെക്ക് നം. 20089 /27.07.17) | 46152 | 1546 | വാറ്റ് : 2250 ക്ഷേമനിധി: 450 ഒ.എച്ച്.(2.5%): (-) 1154 |
| 22 | എസ്.0039/18, പന്ത്രണ്ടാം പാലം കോളനി റോഡ് | 197253 രൂപ (ചെക്ക് നം. 20089 /27.07.17) | 190859 | 6394 | വാറ്റ് : 9304 ക്ഷേമനിധി: 1860 ഒ.എച്ച്.(2.5%): |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | (-) 4771 |
| 23 | എസ്.0038/18, ജൂബിലി വയൽ ഫുഡ്പാത്ത് | 199928 രൂപ(ചെക്ക് നം. 4370678/ 13.07.2017) | 193447 | 6481 | വാറ്റ് : 9431 ക്ഷേമനിധി: 1886 ഒ.എച്ച്.(2.5%): (-) 4836 |
| 24 | എസ്.0033/18, അരിപ്രതൊടി ഭാഗം റോഡ് കോൺക്രീറ്റ് | 188225 രൂപ (ചെക്ക് നം. 4370679/ 13.07.2017) | 182123 | 6102 | വാറ്റ് : 8879 ക്ഷേമനിധി: 1176 ഒ.എച്ച്.(2.5%): (-) 4553 |
| 25 | എസ്.0042/18, കോളിച്ചാൽ പൊടിയൻ പാലം നിർമ്മാണം | 154013 രൂപ(ചെക്ക് നം. 1017764/ 13.07.2017) | 149021 | 4992 | വാറ്റ് : 7265 ക്ഷേമനിധി: 1453 ഒ.എച്ച്.(2.5%): (-) 3726 |
| 26 | എസ്.0035/18, കായംകുളം നടപ്പാത നിർമ്മാണം | 73017 രൂപ(ചെക്ക് നം. 1017765/ 13.07.2017) | 70650 | 2367 | വാറ്റ് : 3444 ക്ഷേമനിധി: 689 ഒ.എച്ച്.(2.5%): (-) 4350 |
| 27 | എസ്.0047/18, ചുണ്ടേൽ ടൗൺ ഓവുചാൽ വൃത്തിയാക്കൽ | 97641 രൂപ(ചെക്ക് നം. 1017763 /13.07.17) | 94476 | 3165 | വാറ്റ് : 4606 ക്ഷേമനിധി: 921 ഒ.എച്ച്.(2.5%): (-) 2362 |
| 28 | എസ്.0034/18, തങ്ങൽകുന്ന് ഫുഡ്പാത്ത് നിർമ്മാണം | 73569 രൂപ(ചെക്ക് നം. 1017762 /13.07.17) | 71185 | 2384 | വാറ്റ് : 3470 ക്ഷേമനിധി: 694 ഒ.എച്ച്.(2.5%): (-) 1780 |
| 29 | എസ്.0062/18, ചെമ്പട്ടി കോളനി നടപ്പാലം ഡ്രൈനേജ് നിർമ്മാണം | 158826 രൂപ(ചെക്ക് നം. 20089/ 27.07.17) | 153678 | 5148 | വാറ്റ് : 7492 ക്ഷേമനിധി: 1498 ഒ.എച്ച്.(2.5%): (-)3842 |
| 30 | എസ്.0030/18, അംബേദക്കർ കോളനി ഫുഡ്പാത്ത്, സൈഡ് കെട്ട്, കോൺക്രീറ്റ് | 148120 രൂപ(ചെക്ക് നം. 1017726/ 13.10.17) | 143319 | 4801 | വാറ്റ് : 6987 ക്ഷേമനിധി: 1397 ഒ.എച്ച്.(2.5%): (-)3583 |

| | | | | | |
|---|---|---|---|---|---|
| 31 | എസ്.0046/18, നഞ്ചൻ ഫുഡ്പാത്ത്, സൈഡ് കെട്ടൽ കോൺക്രീറ്റ് | 194854 രൂപ(ചെക്ക് നം. 7086725 /27.02.2018) | 188538 | 6316 | വാറ്റ് : 9191 ക്ഷേമനിധി: 1838 ഒ.എച്ച്.(2.5%): (-)4713 |
| 32 | എസ്.0059/18, കണ്ണാടിചോല റോഡ് കോൺക്രീറ്റ് | 39706 രൂപ (ചെക്ക് നം. 7086725 /27.02.2018) | 38418 | 1288 | വാറ്റ് : 1873 ക്ഷേമനിധി: 375 ഒ.എച്ച്.(2.5%): (-)960 |
| 33 | എസ്.0027/18, ആയുർവേദ ഡിസ്പെൻസറി കെട്ടിടം ചുറ്റുമതിൽ നിർമ്മാണം, വേലികെട്ടൽ | 179525 രൂപ (ചെക്ക് നം. 7086725 /27.02.2018) | 173706 | 5819 | വാറ്റ് : 8468 ക്ഷേമനിധി: 1694 ഒ.എച്ച്.(2.5%): (-)4343 |
| 34 | എസ്.0020/18, കുന്നത്ത്തോട്ടം ഫുഡ്പാത്ത് കോൺക്രീറ്റ് | 354949/- രൂപ (ചെക്ക് നം. 7086729 /19.03.2018) | 343443 | 11506 | വാറ്റ് : 16743 ക്ഷേമനിധി: 3349 ഒ.എച്ച്.(2.5%): (-)8586 |
| 35 | എസ്.0050/18, ചുണ്ടേൽ സാംസ്കാരിക നിലയം അറ്റകുറ്റപണി | 105638 രൂപ(ചെക്ക് നം. 7086725 /27.02.2018) | 102213 | 3425 | വാറ്റ് : 4983 ക്ഷേമനിധി: 997 ഒ.എച്ച്.(2.5%): (-)2555 |
| 36 | എസ്.0040/18, അഞ്ചാം നമ്പർ റോഡ് കോൺക്രീറ്റ് സൈഡ് കെട്ട് | 130300 രൂപ (ചെക്ക് നം. 14048 /08.08.2017) | 126077 | 4223 | വാറ്റ് : 6146 ക്ഷേമനിധി: 1229 ഒ.എച്ച്.(2.5%): (-)3152 |
| അധികം നൽകിയത് ആകെ | | | | 181013/- | |

മേൽപറഞ്ഞതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 - 9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

5% കുറവ് ചെയ്യാതെയും ക്ഷേമനിധി ഗുണഭോക്തൃ സമിതിയിൽ നിന്നീടാക്കതെയും 16.03.2018 -

ന് ശേഷം ചെലവ് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ചെക്ക് നം. | പ്രവൃത്തി മൂല്യം, | പ്രവൃത്തി മൂല്യത്തിന്റെ 5% | അനുവദി ക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | എസ്.0227/18, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി റെക്കോർഡ് റൂം സജ്ജീകരിക്കൽ | 48806രൂപ 15929/ 31.03.2018 | 48323 | 2416 | 45907 | 2899(ക്ഷേമനിധി : 483) |
| 2 | എസ്.0258/18, പഞ്ചായത്ത് കോൺഫറൻസ് ഹാൾ പെയ് ന്റിംഗ് | 28269രൂപ 15929/ 31.03.2018 | 27989 | 1399 | 26590 | 1679(ക്ഷേമനിധി : 280) |
| 3 | എസ്.0140/18, പുലരി കോളനി അരിക് സംരക്ഷണം | 49000/രൂപ 7086729/ 19.03.2018 | 49000 | 2450 | 46550 | 2450 |
| ആകെ അധികം | | | | | | 7028/- |

ഓഡിറ്റ് എൻക്വയറികൾക്ക് (നം. 08/2017-18, 02.02.2019; നം.18/2017-18, 05.02.2019) 14.02.2109-ന് ലഭ്യമാക്കിയ മറുപടിയിൽ 'മേൽ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉള്ളതിലും കൂടിയ അളിവിൽ ചെയ്തിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്നാണ്'' പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല, കാരണം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ രേഖമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ കൂടുതൽ പ്രവൃത്തി ചെയ്തു എന്ന് പറയുന്നതും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ ആകെ നഷ്ടം 1,88,041/- രൂപ (181013+7028) തുക അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-9 ബിഡ് തുക തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധിക തുക അനുവദിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് 60053/-രൂപ നഷ്ടം.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ എസ്.0115/18 തടയണ നിർമ്മാണം എന്ന പ്രവൃത്തിയുടെ ബില്ല് പ്രകാരം തുക അനുവദിച്ചപ്പോൾ കരാറുകാരൻ ഇ-ടെണ്ടർ ഒരോ ഇനത്തിനും രേഖപ്പെടുത്തിയതിലും അധികം നിരക്ക് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 700000/-രൂപ (വികസന ഫണ്ട് )<br><br>100000/-രൂപ (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 700000/-രൂപ(ട്രഷറി ബിൽ നം.50/2017-18, 09.03.2018)<br>53428/-രൂപ (ചെക്ക് നം. 7086728/12.03.2018)<br>ആകെ ചെലവ്: 753428/-രൂപ |
| എം. ബുക്ക് നമ്പർ | 97/2016-17 (പേജ് നം. 1-26) |
| കരാറുടമ്പടി നമ്പർ | 63/17-18, 02.02.2018 |
| കരാറുകാരൻ | ശ്രീ. അബ്ദുൾ സലാം എം.പി. |

പ്രവൃത്തിയുടെ ടെണ്ടറിൽ 3 കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ ഏറ്റവും കുറവ് ആകെ തുക 693374.74 രൂപ രേഖപ്പെടുത്തിയ മേൽ പറഞ്ഞ കരാറുകാരന്റെ ബിഡ് അംഗീകരിച്ചാണ് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ ടെണ്ടറിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയ നിരക്കിലും അധിക നിരക്ക് ഉൾപ്പെടുത്തി തെറ്റായി 780518.33രൂപയെന്ന് പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുള്ളത്. ആയതിനെ ബിഡ് പ്രകരമുള്ള തുക 753428/-രൂപയെന്ന് തെറ്റായി രേഖപ്പെടുത്തി അതിലേക്ക് പരിമിതപ്പെടുത്തിതായി രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്.

കരാറുകാരൻ ടെണ്ടറിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിരുന്ന നിരക്കിലും അധിക നിരക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ.

| ക്രമ നം | ഇനം | അളവ് പുസ്തക പ്രകാരം ചെയ്ത അളവ് | ബില്ലിൽ ഉൾപ്പെടുത്തിയ നിരക്കും തുകയും | | ടെണ്ടർ പ്രകരം അനുവദിക്കാവുന്ന നിരക്കും തുകയും | |
|---|---|---|---|---|---|---|
| | | | നിരക്ക് | തുക | നിരക്ക് | തുക |
| 1 | Ring bund | 11 m. | 1200/m. | 13200 | 1000/m. | 11000 |
| 2 | Bailing of water | 50 Hr. | 256/Hr. | 12800 | 210/Hr. | 10500 |
| 3 | Filling quary muck | 11.14m3 | 892/m3 | 9936.88 | 730/m3 | 8132.2 |
| 4 | DOWEL BARS | 18 Nos. | 380 /Nos. | 6840 | 350 /Nos. | 6300 |
| 5 | Earth excavation | 32.20m3 | 170/m3 | 5474 | 160/m3 | 5152 |
| 6 | Earth excavation (foundation) | 81.60m3 | 230/m3 | 18768 | 210/m3 | 17136 |
| 7 | CC 1:4:8 | 67.39m3 | 5900/m3 | 397601 | 5450/m3 | 367275.5 |
| 8 | CC 1:3:6 | 33.19m3 | 6000/m3 | 199140 | 5550/m3 | 184204.5 |
| 9 | Centering and shuttering | 106.92m3 | 500/m3 | 53460 | 470/m3 | 50252 |
| 10 | CC 1:2:4 | 5.70m3 | 7500/m3 | 42750 | 6800/m3 | 38760 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 6mm cement plaster | 68.43m3 | 165/m3 | 11290.95 | 170/m3 | 11633.1 |
| 12 | Form work | 0.161m3 | 57500/m3 | 9257.5 | 57000/m3 | 9177 |
| ആകെ | | | | 780518.33 | | 719522.3 |

കരാറുകാരൻ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ യഥാർത്ഥ മൂല്യം 7,19,522/-രൂപയാണ്. കരാറുകാരന്റെ ടെണ്ടർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചത് പ്രകാരം അംഗീകരിക്കാവുന്ന തുക 693374.74 രൂപയാണ്. അതിനാൽ കരാറുകാരന് അധികമായി നൽകിയ 60,053/-രൂപ (753428 - 693375 ) ഓഡിറ്റിൽ നിരാകരിക്കുന്നു. തിരക്ക് മൂലം സംഭവിച്ച പിഴവാണ് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.09/2017-18/ 02.02.2019) മറുപടിനൽകിയിട്ടുള്ളത്. അധികമായി കൈപ്പറ്റിയ തുക ഈടാക്കുന്നതിനായി കരാറുകാരന് നോട്ടീസ് അയച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ബില്ല് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ വാങ്ങൽ - നിയമവിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ എസ്.0041/18, കോളിച്ചാൽ കുടിവെള്ള പദ്ധതി നവീകരണം, മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഇലക്ട്രിക്കൽ മോട്ടോർ സ്ഥാപിക്കൽ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പൂർണ്ണമായും സമാഹരണ സ്വഭാവമുള്ള പ്രോജക്ട് മരാമത്ത് പ്രവൃത്തി പ്രോജക്ടിന്റെ രീതിയിൽ ഗുണഭോക്തൃ സമിതി മുഖേനെ നടപ്പിലാക്കിയിരിക്കുകയാണ്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ നടപടികളിലൂടെയായിരുന്നു മോട്ടോർ വാങ്ങൽ നടത്തേണ്ടിയിരുന്നത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 175000/-രൂപ (തനത് ഫണ്ട് ) |
| ചെലവ് | 165600/-രൂപ (ചെക്ക് നം. 15927/28.03.2018) |
| എം. ബുക്ക് നമ്പർ | 168/2016-17 (പേജ് നം. 1-5) |
| കരാറുടമ്പടി നമ്പർ | 83/17-18, 21.02.2018 |
| കൺവീനർ | ശ്രീ. അബ്ദുൾ കെ. മുഹമ്മദ് |

മേൽപറഞ്ഞതിന് പുറമേ പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.സ്.)നം. 72/2017/തസ്വഭവ, 29.03.2017; ഖണ്ഡിക - 14.1) പ്രകാരം 50000/- രൂപവരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാൻ പാടുള്ളൂ. പ്രസ്തുത പ്രവൃത്തിയുടെ കരാറുടമ്പടി തീയതി 21.02.2018 - ആണ്. കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികൾ മാത്രമേ സ്പിൽ ഓവർ പ്രോജക്ടായി പരിഗണിക്കേണ്ടതുള്ളൂ എന്ന പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക -6.8 പ്രകാരമുള്ള നിർദ്ദേശവും പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2017-18 തീയതി. 04.02.2019) 14.02.2109-ന് ലഭ്യമാക്കിയ മറുപടിയിൽ 'ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാലും പ്രദേശ

വാസികൾക്ക് ഏറ്റവും ആവശ്യവുമായിരുന്നതിനാലുമാണ് ഗുണഭോക്തൃ സമിതി മുഖേനെ നടപ്പിലാക്കിയത് 'എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ് നടന്നിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 കരാർ പ്രകാരം അംഗീകരിച്ചതിലും അധിക തുക നൽകി.

മരാമത്ത് പ്രവൃത്തികൾക്ക് കരാട്ടുമ്പടി പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്. അധികമായി പ്രവൃത്തി ചെയ്യേണ്ടതായി വരുകയാണെങ്കിൽ എസ്റ്റിമേറ്റ് റിവൈസ്സ് ചെയ്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക, ട്രഷറി ബിൽ/ ചെക്ക് നം. | കരാറുടമ്പടി പ്രകാരം നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | എസ്.0021/18, അമ്പലകുന്ന് നടപ്പാത പൂർത്തികരണം. | 400000/-രൂപ ( വികസന ഫണ്ട് എസ്.സി.പി.)<br>പി.എ.സി.:375919/-<br>ലം . സം. }:24950/-<br>പ്രൊവിഷൻ} (6.6%) | 400000/-രൂപ (175923/- 09/17-18, 15.07.2017;<br>234035- 21/17-18, 23.08.2017 | 375919/- | 24081/- |
| 2 | എസ്.0017/18, അറമല റോഡ് ഡ്രൈനേജ് പുനരുദ്ധാരണം | 200000/-രൂപ (സംരക്ഷണ ഗ്രാന്റ് )<br>പി.എ.സി.:180472/-<br>ലം . സം. }:19528/-<br>പ്രോവിഷൻ} (10.8%) | 195303/- 01/17-18, 30.06.2017 | 180472/- | 14831/- |
| 3 | എസ്.0026/18, ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപണി നടത്തൽ | 250000/-രൂപ (200000/- സംരക്ഷണ ഗ്രാന്റ് ; 50000/- തനത് ഫണ്ട്)<br>പി.എ.സി.:254777/-<br>ലം . സം. }:18471/-<br>പ്രോവിഷൻ} (7.2%)<br>സർവ്വീസ് | 274607/- (250000/- 26/17-18, 15.07.2017; 24607/- ചെക്ക് നം. 13174/ 31.03.2017) | 254777/- | 19830/- |

| | | | | | |
|---|---|---|---|---|---|
| | | ടാക്സ്:26752 | | | |
| 4 | എസ്.0045/18, ചേലോട് ഒലിവ് മല റോഡ് കോൺക്രീറ്റ് | 300000/-രൂപ ( തനത് ഫണ്ട്)<br>പി.എ.സി.:282578/-<br>ലം . സം. }:17422/-<br>പ്രോവിഷൻ} (6.2%) | 300000/- (ചെക്ക് നം. 20089/ 27.07.2017) | 282578/- | 17422/- |
| 5 | എസ്.0010/18, കൈരളികുന്ന് റോഡ് കോൺക്രീറ്റ് | 200000/-രൂപ ( നനത് ഫണ്ട്)<br>പി.എ.സി.:189607/-<br>ലം . സം. }:10392/-<br>പ്രോവിഷൻ} (5.5%) | 200000/- (ചെക്ക് നം. 20089/ 27.07.2017) | 189607/- | 10393/- |
| 6 | എസ്.0153/18, ചേരികുന്ന് ഫുഡ്പാത്ത് | 200000/-രൂപ ( ഫിനാൻസ് കമ്മീഷൻ ഫണ്ട്)<br>പി.എ.സി.:132014/-<br>ലം . സം. }:67986/-<br>പ്രോവിഷൻ}(51.5) | 142177/- 23/17-18, 16.11.2017 | 132014/- | 10163/- |
| 7 | എസ്.0206/18, ചുള്ളിപുര കോളനി നടപ്പാത കോൺക്രീറ്റ് | 300000/-രൂപ (നനത് ഫണ്ട്: 25000, വികസന ഫണ്ട്:275000 )<br>പി.എ.സി.:278934/-<br>ലം . സം. }:21066/-<br>പ്രോവിഷൻ} (7.6%) | 293700/- (275000- 88/17-18, 28.03.2018;<br>18700- ചെക്ക് നം. 1766631, 28.03.2018 | 273076/- (2..1% കുറവ് നിരക്ക്) | 20624/- |
| 8 | എസ്.0014/18, കാലിക കോളേജ് ഫുഡ്പാത്ത് നിർമ്മാണം | 100000/-രൂപ (നനത് ഫണ്ട്)<br>പി.എ.സി.:92504/-<br>ലം . സം .}:7496/-<br>പ്രോവിഷൻ} (8.1%) | 100000/- (ചെക്ക് നം. 101776/ 13.07.2017 | 92504/- | 7496/- |

| | |
|---|---|
| ആകെ അധികം | 1,24,840/- |

പ്രോജക്ടിൽ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നുമാണ് അധികമായി നൽകിയ തുക നൽകിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംസം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. 1601.1.2.(ഇ) അനുസരിച്ച് ലംസം പ്രവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5% -ൽ അധികരിക്കാൻ പാടില്ലാത്തതാണ്. ആയതും പാലിച്ചിട്ടില്ല. മേൽ പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് റിവൈസ് ചെയ്തിട്ടുമില്ല. ആയതിനാൽ ടെണ്ടർ പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്.

മുൻകൂർ അനുമതിയില്ലാതെ കരാറുകാരൻ അംഗീകരിച്ച് കരാറുടമ്പടി വെച്ച തുകയിലും അധിക തുക നൽകിയതിന് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/2017-18/ 05.02.2019 - ന് മറുപടിയായി 'എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥൻ മൂല്യ നിർണ്ണയ സമയത്ത് വർക്ക് സ്ലിപ്പ് അംഗീകാരത്തിലൂടെ വകയിരുത്തിയ തുക അനുസരിച്ചാണ് പേയ്മെന്റ് നടത്തിയത് എന്നാണ്'. പഞ്ചായത്ത് ഭരണസമിതിയുടെ മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ പറഞ്ഞതിലും അധികം പ്രവൃത്തി ചെയ്ത നടപടി ക്രമ വിരുദ്ധമാണ്. ആയതിനാൽ ആകെ അധികം നൽകിയ തുക 124,840/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-12 <u>ഓഫീസ് കെട്ടിട നിർമ്മാണ പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേനെ നടപ്പിലാക്കി.</u>

അസി. എഞ്ചിനീയർ പ്രോജക്ട് നമ്പർ എസ്.00718 പ്രകാരം പഞ്ചായത്ത് ഓഫീസ് അറ്റകുറ്റ പണി എന്ന പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേനെ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 300000/-രൂപ (തനത് ഫണ്ട് ) |
| ചെലവ് | 274560/-രൂപ (ചെക്ക് നം. 4370680/27.07.2017) |
| എം. ബുക്ക് നമ്പർ | 71/2016-17 (പേജ് നം. 1-5)<br>76/2016-17 (പേജ് നം. 1-25) |
| കരാറുടമ്പടി നമ്പർ | 06/16-17, 29.11.2016 |
| കൺവീനർ | ശ്രീ. പി. മധുസൂദൻ |

കേരള പഞ്ചായത്ത് രാജ് (പൊതമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 13.01.2014 - ലെ സർക്കുലർ നമ്പർ 01/1559/2010/സി.ഇ./തസ്വഭവ പ്രകാരം ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഗുണഭോക്തൃ സമിതി ഏൽപ്പിക്കരുത് എന്ന നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി മുഖേനെ മേൽ പ്രോജക്ട് നടപ്പിലാക്കിയതിന് രേഖകൾ സഹിതം വിശദീകരണം (ഓഡിറ്റ് എൻക്വയറി നം. 13/2017-18/ 04.02.2019) ആവശ്യപ്പെട്ടതിന് മറുപടിയായി 'അന്വേഷണ കുറിപ്പിൽ പ്രതിപാദിച്ചിരുന്ന സർക്കുലർ പ്രകാരം സാധ്യമല്ലായിരുന്ന 'എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ

അനുമതി വാങ്ങേണ്ടിയിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ചെലവ് തുക 2,74,560/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി നടപടി ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-13 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും നിർവ്വഹണത്തിലെ വീഴ്ചകൾ.

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ,29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2) 2017-18 വർഷത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ടെണ്ടർ ഫോറം രജിസ്റ്ററിലും പല പ്രവൃത്തികളുടെയും ക്വോട്ട് ചെയ്ത നിരക്കുകൾ രേഖപ്പെടുത്തിയത് ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ എന്നിവയില്ല. ടെണ്ടർ മുഖേന നടപ്പിലാക്കിയ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ എഞ്ചിനീയർ അക്ഷരത്തിൽ രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങും ഇല്ല. റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4) അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെയും പേരും ഉദ്യോഗപേരും രേഖപ്പെടുത്തിയിട്ടില്ല. പല

അളവ് പുസ്തകത്തിലെയും മെമ്മോ ഓഫ് പേയ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

65 അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ മാസാന്ത്യ ക്ലോസ്സിംഗ് നടത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ ദിനം പ്രതിയുള്ള അകെ വരവ് ചെലവുകൾ കൂട്ടി എഴുതിയിട്ടില്ല. മുന്നിരിപ്പ് ബാക്കി എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 31.03.2018 - ന് ശേഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.

6) ഇ-ടെണ്ടർ ഫോറങ്ങളുയടെ വില ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം 2017 -18 വർഷത്തിൽ ആകെ 13 ഇ-ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. 2017 -18 വർഷത്തിന് മുമ്പും അതിനുശേഷവും നടത്തിയ ഇ -ടെണ്ടറുകളുടെ ടെണ്ടർ ഫോറം വിലയും ഗ്രാമപഞ്ചായത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ള ഇ-ടെണ്ടർ ഫോറങ്ങളുയടെ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2017-18/ 05.02.2019) മറുപടിയായി വീഴ്ചകൾ ഉണ്ടാകാതെ മേലിൽ ജാഗ്രത പുലർത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-14 ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ

I)പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

| | |
|---|---|
| പ്രോജക്ട് നം. | 217/17 |
| അടങ്കൽ -എസ്.സി.പി | 5,00,000/-രൂപ |
| ചെലവ് | 4,99,960/-രൂപ ബിൽ നം.06/17-18-24.03.18-4,99,960/- |

ടെണ്ടർ വിളിക്കാതെ സ്റ്റീൽ കസേരകൾ വാങ്ങി

മേൽ പദ്ധതിയിൽ ഗവ. അംഗീകൃത സ്ഥാപനമായ M/s ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് 100 വീതം മേശയും കസേരയും വാങ്ങി. ആകെ ചെലവഴിച്ച 4,99,960/- രൂപയിൽ
(ഇൻവോയ്സ് നം.371 തീയതി 23.03.2018) സ്റ്റീൽ കസേരയ്ക്കായി ചെലവഴിച്ചത് 1,13,634/- രൂപയാണ്. ജി.ഒ(പി) നം.04/2018/എസ്.പി.ഡി തീയതി 02/02/2018 ഉത്തരവിൽ പരാമർശിക്കുന്ന ഇനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് M/s ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാവുന്നതാണ്. അല്ലാത്തവ അവർ സപ്ലൈ ചെയ്യേണ്ടത് ടെണ്ടർ നടപടി ക്രമങ്ങളിലൂടെയും ആയിരിക്കണം. എന്നാൽ ആ ഉത്തരവിൽ പരാമർശിക്കാത്ത സ്റ്റീൽ കസേരയും ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് M/s ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയാണുണ്ടായത് . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 04/2017-18 /01.02.19-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്റ്റീൽ കസേര വാങ്ങിയ വകയിൽ ചെലവഴിച്ച 1,13,634/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

II) തുടർവിദ്യാഭ്യാസ പരിപാടി -തുല്യതാ പഠനം-പഠിതാക്കളുടെ ഫീസ് നൽകൽ

| | |
|---|---|
| പ്രോജക്ട് നം. | 214/17 |
| അടങ്കൽ | തനത് ഫണ്ട്-50,000/-രൂപ |
| ചെലവ് | 50,000/-രൂപ ചെക്ക് നം.78934-29.03.18-50,000/- |

തുടർവിദ്യാഭ്യാസ പരിപാടി -തുല്യതാ പഠനം-പരീക്ഷയെഴുതിയവരുടെ വിവരം ലഭ്യമാക്കിയില്ല

ഈ പദ്ധതിയിൽ പത്താംതരം തുല്യത പരീക്ഷ എഴുതുന്നതിന് 5 പേർക്കും(100/- രൂപ വീതം) പ്ലസ്ടു തുല്യത പരീക്ഷ എഴുതുന്നതിന് 22 പേർക്കും(2250/- രൂപ വീതം) പരീക്ഷാഫീസ് ,സർട്ടിഫിക്കറ്റ് എന്നീ ഇനങ്ങളിൽ 50,000/- രൂപ കേരളസംസ്ഥാന സാക്ഷരത മിഷന് നൽകി. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. കൂടാതെ ആരൊക്കെ പരീക്ഷ എഴുതി എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയതുമില്ല. ഈ വർഷം പ്ലസ്ടു തുല്യത പരീക്ഷ എഴുതുന്നതിന് പഞ്ചായത്ത് 2250/-രൂപ ചെലഴിച്ച ശ്രീമതി ഗീത .കെ.പി ( അവർ ഒലീവ് മല തുടർ സാക്ഷരത കേന്ദ്രം പ്രേരക് ആണ്) ഈ വർഷം പരീക്ഷയെഴുതിയില്ല എന്നാണ് ഓഡിറ്റിന്റെ പരിശോധന വേളയിൽ നേരിട്ട് അറിയിച്ചത്). വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 04/2017-18 /01.02.19-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതിയിൽ ചെലവഴിച്ച 50,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

III)എസ്.ടി വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ

| | |
|---|---|
| പ്രോജക്ട് നം | 70/17 |
| അടങ്കൽ | ടി.എസ്.പി-80,000/- രൂപ |
| ചെലവ് | 1)ബിൽ നം.01/17-18-12.02.18 -53,200/-<br>2)ബിൽ നം.03/17-18-24.03.18 -24,800/-<br>ആകെ -78,000/- രൂപ |

ഈ പദ്ധതിയിൽ ലക്കിടി ഗവ.എൽ.പി സ്കൂളിലെ കുട്ടികൾക്ക് സ്കൂളിൽ വന്ന് പോകുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തിയ വകയിൽ 78,000/- രൂപ ചെലവഴിച്ചു. ആയതിൽ 2017 ജൂൺ മുതൽ ഡിസംബർ വരെ 133 ദിവസം വാഹനസൗകര്യം ഏർപ്പെടുത്തിയ വകയിൽ ഒന്നാമത്തെ ബിൽ പ്രകാരം 53,200/- രൂപ (ഒരു ദിവസം 400/- രൂപ നിരക്കിൽ) ചെലവഴിച്ചുവെങ്കിലും ബില്ലിനോടൊപ്പം വച്ചിട്ടുള്ള കുട്ടികളുടെ ഹാജർ പത്രിക പ്രകാരം 118 പ്രവർത്തി ദിവസങ്ങളെ ഉള്ളൂ. ആയതിനാൽ 15 ദിവസത്തേക്ക് 400/- രൂപ നിരക്കിൽ 6000/- രൂപ അധികമായി വാഹനവാടകയിനത്തിൽ അബ്ദുൾ ഗഫൂർ എന്നയാൾക്ക് നൽകി. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 04/2017-18 /01.02.19-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി കൈപ്പറ്റിയ 6,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

IV) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ-പദ്ധതി നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 218/17 |
| അടങ്കൽ | ടി.എസ്.പി-2,06000/- |

സമൂഹത്തിൽ വളരെയധികം പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാതെ പണം ലാപ്സ് ആക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 04/2017-18 /01.02.19-ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ₹43000 | പാലിന് സബ്സിഡി | ഇല്ല | ₹43000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴ്ക്കാൻ ബാക്കി യുഴള്ള തുക |
|---|---|---|---|---|---|
| സെക്രട്ടറി | ജൂബിലി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 014437, 13-10-2017 | 100000 | 100000 | 0 |
| സെക്രട്ടറി | വട്ടവയൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2700524, 13-10-2017 | 100000 | 100000 | 0 |
| സെക്രട്ടറി | ചുണ്ടവയൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2700570, 13-10-2017 | 100000 | 100000 | 0 |
| സെക്രട്ടറി | വൈത്തിരി ലക്ഷം വീട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2700528, 13-10-2017 | 75000 | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | പീടികകണ്ടി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 015928, 28-03-2018 | 75000 | 75000 | 0 |
| സെക്രട്ടറി | സ്കൂൾകുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21701152, 28-03-2018 | 200000 | 200000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം.224/10/lsg തീയതി 21.01.2010 | 1,50,00000/- | 1743960/- | 1743000/- | - | 960/- |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 309461 |
| തൻവർഷം നിക്ഷേപിച്ച തുക | 25531 |
| ആകെ | 334992 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 334992 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | 334992 CFD No - 13018180672004, 03-06-2013 |
| | വയനാട് ജില്ലാ സഹകരണ ബാങ്ക്, ചുണ്ടേൽ |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2001/02 | Para 4 | 1900/- | 117060100467,09/05/2017 |
| 2015/16 | Para 2 | 2500/- | 117060101374,19/07/2017 |

.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016/17 | 2.1 | തെഴിൽനികുതി പിരിച്ചെടു ക്കാത്തത് | തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66113316/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,56,62,755/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 32,17,229/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,32,694/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,81,434/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12,824 | | ഡി.ജയമോഹനൻ,സെക്രട്ടറി |
| 2-2- (എ)-1 | 2516440 | | ഡി.ജയമോഹനൻ,സെക്രട്ടറി |
| 2-2-(എ)-2 | 146720 | | ,, |
| 2-2-ബി)1 | 240960 | | ,, |
| 2-2-സി | 36204 | | ,, |
| 2-4- 3)എ | 18080 | | ,, |
| 2-4 -3)ബി | 68232 | | ,, |
| 2-4- 4) | 148065 | | അബ്ദുൾനാസർ,എ.ഇ |
| 2-4- 5)(1) | 9010 | | ബോബൻചാക്കോ,സെക്രട്ടറി |
| 2-4 -5)(2) | 20694 | | |
| 3-1 | | 1,82,500/- | ബോബൻചാക്കോ,സെക്രട്ടറി |
| 3-3 | | 33,600/- | ആലി,സെക്രട്ടറി |
| 3-6 | | 62,500/- | ജോസഫ് മാർട്ടിൻ,അസി.സെക്രട്ടറി |
| 3-8 | | 1,88,041/- | ബിജു.എ.ഇ |
| 3-9 | | 60,053/- | ബിജു.എ.ഇ |
| 3-14 | | 6,000/- | കരീം.പി.കെ |
| ആകെ | 3217229/- | 5,32,694/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 322500 | ബോബൻചാക്കോ,സെക്രട്ടറി |
| 3-2 | 500000 | ,, |
| 3-3 | 366400 | ആലി.വി ,സെക്രട്ടറി |
| 3-4 | 450000 | ബോബൻചാക്കോ,സെക്രട്ടറി |
| | 2,00,000 | ആലി.വി ,സെക്രട്ടറി |
| 3-5 | 909500 | ബോബൻചാക്കോ,സെക്രട്ടറി |
| | 4,20,000 | ആലി.വി ,സെക്രട്ടറി |
| 3-6 | 25000/- | ജോസഫ് മാത്യു, അസി. സെക്രട്ടറി |
| | 25000/- | സുരേഷ്ഭ എം.വി. അസി. സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 124840/- | ബിജു.എ.ഇ |
| 3-12 | 2,74,560 | ബിജു.എ.ഇ |
| 3-14-I | 1,13,634/- | കരീം പി.കെ |
| 3-14-II | 50,000/- | കരീം പി.കെ |
| ആകെ | 37,81,434/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക |
|---|---|
| 2-2- (എ)-1 | 125825 |
| 2-2 (എ)-2 | 7336 |
| 2-2 ബി) 1 | 12050 |
| 2-2 സി) | 1755 |
| 2-4 3)എ) | 904 |
| 2-4 3)ബി | 3412 |
| 2-4 (4) | 7410 |
| 2-4 5) (1) | 405/- |
| 2-4 5) (2) | 1,035/- |
| ആകെ | 1,60,132/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഡി.ജയമോഹനൻ, സെക്രട്ടറി | -ഇല്ല-- | ചൈത്രം,കുട്ടാത്തുവിള,വടക്കാവിള പി.ഒ. കൊല്ലം |
| ശ്രീ.ബോബൻചാക്കോ, സെക്രട്ടറി | സെക്രട്ടറി തൊണ്ടർനാട് ഗ്രാമപഞ്ചായിത്ത | സെ വട്ടപ്പറമ്പിൽ - വീട്. വെള്ളമുണ്ട - പി.ഒ. 670731 |
| ശ്രീ.ആലി.വി, സെക്രട്ടറി | സെക്രട്ടറി പൂതാടിഗ്രാമപഞ്ചായിത്ത് | വഴിയിൽ വീട്, തൊണ്ടർനാട് - 670731 |

| | | |
|---|---|---|
| ശ്രീ.വി.ബ്ദുൾനാസർ, എ.ഇ | അസി. എഞ്ചിനീയർ കൽപ്പറ്റ മുനിസിപ്പാലിറ്റി | നെസ്റ്റ്,പിണങ്ങോട് – 673121 |
| ശ്രീ.ബിജ്ജു, വി.ജി. എ.ഇ | അസി. എഞ്ചിനീയർ വൈത്തിരി ഗ്രാമപഞ്ചായത്ത് | വെികാട്ടിൽ, ചെറ്റപ്പാലം പി.ഒ. പാൽപ്പള്ളി. |
| ശ്രീ.കരീം പി.കെ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ലക്കിടി ഗവഃ എൽ.പി.സ്കൂൾ | പയ്യാനക്കോട്ടുമ്മൽ (വീട്) ചേനോളി പി.ഒ. പേരാമ്പ്ര -673525 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF(W)P3/516 തീയതി 3.7.98 | |
| 1997-98 | LF(W) P1/109/09 തീയതി 5.2.09 | |
| 1998-99 | LF(W) P3/674/00തീയതി 29.11.02 | |
| 1999-00 | LF(W) P3/84/00തീയതി 6.8.03 | |
| 2000-01 | LF(W) P3/102/04/03.04.07 | |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 | |
| 2001-02 | LF(W) P1/254/06 തീയതി 26.2.08 | |
| 2002-03 | LF(W) P1/745/10 തീയതി 12.11.10 | |
| 2003-04 | LF(W) P1/501/10 തീയതി 12.11.10 | |
| 2004-05 | LF(W) P1/748/10 തീയതി 12.11.10 | |
| 2005-06 | LF(W) P1/699/10 തീയതി 28.10.10 | |
| 2006-07 | LF(W) P1/260/14 തീയതി 22.8.14 | |
| 2007-08 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി.1/994/09/12.01.16 | |
| 2008-09 | LF(W) P1/622/10 തീയതി 26.3.13 | |
| 2009-10 | LF(W) P1/374/10 തീയതി 5.9.12 | |

| | | |
|---|---|---|
| 2010-11 | LF(W) P1/507/13 തീയതി 3.4.14 | |
| 2011-12 | LF(W) P1/370/14 തീയതി 23.8.14 | |
| 2012-13 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി.1/419/15/12.08.15 | |
| 2013-14 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-476/16/24.3.17 | |
| 2014-15 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-373/16/10.6.16 | |
| 2015-16 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-809/16/01.12.16 | |
| 2016-17 | നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-558/17/05.10.17 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# Anexure-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ്

295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

# അനുബന്ധം -2

## ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അനുബന്ധം - 2

നം.കെ.എസ്.എ.(ഡബ്ല്യ.വൈ.ഡി.)പി3-535/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം.

തിയ്യതി :26/06/2018

വയനാട് ജില്ലയിലെ വൈത്തിര് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1 . വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങളും, അക്കൌണ്ടിംഗ് നയങ്ങളെ ക്കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല .

2. തനത് ഫണ്ട് നിക്ഷേപിക്കുന്ന എസ്.എം.ജി.ബി. ബാങ്ക് അക്കൌണ്ടിന്റെ(7492) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ സമർപ്പിക്കാത്ത 3 വർഷത്തിൽ അധികമായ 10838/- രൂപ തുക വരുന്ന 6 ചെക്കുകൾ (ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കിലെ ( 014414/25.9.2017 , 1300 രൂപ ) തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ ( (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല . 31.03.2014 ന് ഡെപ്പോസിറ്റ് ചെയ്യത 61087/- രൂപ തുക വരുന്ന 6ചെക്കുകൾ (ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല) ബാങ്കിൽ വരവ് വന്നിട്ടില്ല. ഉത്തരവാദിയക്കെതിരെ നടപടി സ്വീകരിച്ച് വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം വരുത്തിയില്ല.

3. വസ്തുനികുതി രജിസ്റ്റർ, വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇവയുടെ വരവിന്റെയും നീക്കിയിരിപ്പിന്റെയും കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4. Income and Expenditure Schedule I-1 പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി 30,34,505/- രൂപയും, Receipt and Payment Schedule RP-1 പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി 30,12,755/- രൂപയുമാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5. തൻവർഷ കുടിശ്ശിക തുകകൾക്ക് Income and Expenditure അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല .

6. ആസ്തികൾക്ക് Income and Expenditure അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല .

7. Income and Expenditure അക്കൗണ്ടിൽ I-18 ഷെഡ്യൂളിൽ prior period income - other incomes ശീർഷകത്തിൽ 17,92,388/-രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വൗച്ചറും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല .

9 . അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

10. capital work in progress കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. Balance Sheet Schedule B-11(a) പ്രകാരം capital work in progress 195154 രൂപയാണ് എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ (അസി. എഞ്ചിനിയർ) ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ട് പ്രവൃത്തികൾക്കായി 5,12,799 രൂപ പാർട്ട് ബിൽ പേയ്മെന്റ് നടത്തിയിട്ടുണ്ട്.

11. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/സംയുക്ത പ്രോജക്റ്റിനുള്ള (B4 ഷെഡ്യൂൾ) തുകകൾക്ക് എല്ലാത്തിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഇല്ല. തനത്/മറ്റ് ഫണ്ടുകളോടോപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഈ തുകകൾ ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തവുമല്ല.

12. പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് പല നിർവഹണ ഉദ്യോഗസ്ഥരും നിസബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

( ഉദാ. കൃഷി ഓഫീസർ, ICDS സൂപ്പർവെസർ )

13. പദ്ധതി നിർവഹണത്തിന് നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല ( ഈ അക്കൌണ്ടുകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിച്ചില്ല ).

( ഉദാ . 1.മെഡിക്കൽ ഓഫീസർ പി .എച്ച് . സി a/c no . 40130101002175 (KGB) - നീ ക്കിയരിപ്പ് തുക - 4676/-

2. വെറ്ററിനറി സർജൻ - a/c no. 358101007901 (canara bank) - നീക്കിയരിപ്പ് തുക -27765/-).

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്